Only Positive...

DECEMBER 2022

# ഒപ്പം®

Vol:5 | Issue:7





# കരച്ചിൽ

മൂടിക്കെട്ടി നില്ക്കുന്ന ആകാശം പെയ്തുതോരുമ്പോഴാണ് തെളിമയുണ്ടാകുന്നത്. ജനാലകൾ തുറന്നിടുമ്പോഴാണ് ശുദ്ധവായു അകത്തേക്ക് പ്രവേശിക്കുന്നത്. കരച്ചിലും അങ്ങനെയാണ്. ഉള്ളിലെ സങ്കടങ്ങൾക്കുള്ള പ്രതിവിധിയാണ് കരച്ചിൽ. നെഗറ്റീവായ വികാരങ്ങളുടെ ബഹിർഗമനമാണ് കരച്ചിൽ.

കുട്ടികൾക്കുള്ള ചിത്രകഥപുസ്തകത്തിലെ രാവണൻകോട്ടയിൽ നിന്ന് പുറത്തുകടക്കാനുള്ള വഴികൾ കണ്ടെത്തുന്നതുപോലെ സങ്കടങ്ങളിൽ നിന്ന് പുറത്തുകടക്കാനുള്ള എളുപ്പവഴിയുടെ പേരാണ് കരച്ചിൽ. എത്രയധികം ഭാരങ്ങളുമായിട്ടാണ് നാം ഓരോരുത്തരും ജീവിക്കുന്നത്. തുറന്നുപറയാൻ ഒരു കുമ്പസാരക്കൂടിന്റെ കുറവുള്ളതുകൊണ്ടാണ് പലരും സങ്കടങ്ങളുടെ മാറാപ്പുമായി അലഞ്ഞുതിരിയുന്നത്. കരയാൻ എനിക്കൊരു ചുമലുണ്ടായിരുന്നുവെങ്കിൽ ഞാൻ എന്നേ പൊട്ടിക്കരയുമായിരുന്നുവെന്ന് സങ്കടപ്പെടുന്നവരെ കണ്ടിട്ടുണ്ട്.

കരച്ചിലിനെ നാണംകെട്ട പ്രവൃത്തിയായും കണ്ണീരിനെ വിലകുറഞ്ഞ വസ്തുവായും കാണുന്നതുകൊണ്ടാണ് കരച്ചിലിനെ പുറത്തേക്ക് വിടാൻ മടിയായിരിക്കുന്നത്. 'ശ്ശേ മോശം...' ഇതാണ് കരച്ചിലിനോടുള്ള പൊതുമട്ട്. പ്രിയപ്പെട്ടവരുടെ വേർപാടിൽ പോലും ഒന്നുറക്കെ കരയാൻ കഴിയാതെ വിഷമിക്കുന്നവരെ കണ്ടിട്ടുണ്ട്.

കൊച്ചുകുട്ടികളുടെ കരച്ചിലിനോടു പോലുമുണ്ട് സ്നേഹപൂർവ്വമായ നിയന്ത്രണങ്ങൾ. കരയല്ലേ..കരയല്ലേ എന്ന ആശ്വാസവചനം കരയരുത് കരയാതിരിക്ക് എന്ന മട്ടിലുള്ള ശാസനകളായി അവസാനിക്കും.

ചിലപ്പോഴാവട്ടെ അതിലൊക്കെ വിരോധാഭാസവുമുണ്ട്.തല്ലുകൊടുത്തിട്ടാണ് അത്തരമൊരു താക്കീത്. കരയിപ്പിച്ചിട്ട് കരയരുതെന്ന്. സത്യത്തിൽ ആരൊക്കെയോ ചേർന്നാണ് നമ്മെ കരയിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആരും വെറുതെ കരയാറില്ല. ഓരോ കരച്ചിലിനും ഓരോ കാരണങ്ങളുണ്ട്.

കരയാൻ മടിയാണെന്നതിന് പുറമെ കരയാൻ ബുദ്ധിമുട്ടുമുണ്ട്. കണ്ണു നനയിപ്പിക്കുന്ന സിനിമകളെക്കാൾ ചിരിച്ചുതലതല്ലുന്ന സിനിമകളാണല്ലോ നമുക്ക് പഥ്യം? പഴുപ്പ് നിറഞ്ഞ വ്രണങ്ങൾ പരിചയമില്ലേ. അതിനുള്ളിലെ പഴുപ്പും ദുർഗന്ധവുംപുറത്തുകളയുമ്പോഴേ മുറിവുണങ്ങൂ.സൗഖ്യവും ലഭിക്കൂ.സങ്കടങ്ങളും കരച്ചിലുകളും അങ്ങനെ തന്നെയാണ്.

അതുകൊണ്ട് ഇനിയും ഉള്ളിൽ അടക്കിപിടിച്ച സങ്കടങ്ങളുമായി നീയെന്തിനാണ് കഴിയുന്നത്. ഇനിയൊന്ന് ഉറക്കെ കരയൂ; അല്ലെങ്കിൽ ആരും കാണാതെ. കണ്ണീര് നിന്നെ സ്നാനപ്പെടുത്തും, തീർത്ഥാടനകേന്ദ്രങ്ങളിലെ പുണ്യതീർത്ഥങ്ങളിൽ മുങ്ങിനിവരുമ്പോൾ ലഭിക്കുന്ന സൗഖ്യം പോലെ. അണച്ചുപിടിച്ചിരിക്കുന്ന സങ്കടങ്ങളെല്ലാം കെട്ടഴിച്ചുവിടുക.

ഉള്ളിലെ സങ്കടങ്ങളിൽ നിന്ന് പുറത്തുകടക്കാൻ അതാണേറ്റവും എളുപ്പമാർഗ്ഗം. കരച്ചിലിന്റെ സൗഖ്യം മനസ്സിലാക്കാത്തിടത്തോളം കാലം നാം വിഷമങ്ങളും ചുമന്ന് ജീവിക്കുക തന്നെ ചെയ്യും.



EDITORIAL

# കുറച്ചുമാത്രം സമയം

എല്ലാവർക്കും ഒരുപോലെയുള്ളത് സമയം മാത്രമാണ്. എന്നിട്ടും അതിന്റെ മൂല്യമനുസരിച്ച് സമയം ചെലവഴിക്കുന്നവർ എത്രയോ കുറച്ചുപേരാണ്. നഷ്ടമായ സമ്പത്ത് നമുക്ക് തിരികെ പിടിക്കാം, ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കലായി ചില അവസരങ്ങൾ പോലും പുനഃസൃഷ്ടിക്കാം. കറ പറ്റിയെങ്കിലും സൽപ്പേരു പോലും വീണ്ടെടുക്കാം. പക്ഷേ ഒരിക്കൽ പോലും നഷ്ടമായി പോയ, കടന്നുപോയ, പാഴാക്കിയ സമയം തിരിച്ചുപിടിക്കാനാവില്ല. അതുകൊണ്ടാണ് ഏറ്റവും വലിയ സമ്പാദ്യമായി സമയം മാറുന്നത്

സമയത്തിന്റെ മൂല്യം മനസ്സിലാക്കി ജീവിക്കുന്നവരാണ് യഥാർത്ഥ മഹാന്മാർ. ജീവിതത്തിൽ ഏതെങ്കിലുമൊക്കെ ഉയരങ്ങളിലെത്തിയിരിക്കുന്നവരും വിജയിച്ചിട്ടുള്ളവരും സമയം ഫലപ്രദമായി വിനിയോഗിച്ചവരാണ്. നാം എന്തിന് വേണ്ടിയാണ് സമയം ചെലവഴിച്ചത് എന്ന് കൂടി വിലയിരുത്തേണ്ടതുണ്ട്. പലപ്പോഴും ഒരു ദിവസത്തിന്റെ അന്ത്യത്തിൽ ഇങ്ങനെയൊരു വീണ്ടുവിചാരമുണ്ടാവേണ്ടതുണ്ട്. അനാവശ്യമായതും പ്രയോജനരഹിതമായതുമായ കാര്യങ്ങൾക്കുവേണ്ടി ദിവസത്തിന്റെ കൂടുതൽ സമയവും പാഴാക്കിക്കളയുന്നവരും കുറവൊന്നുമല്ല.

ഒരു വർഷം കൂടി കടന്നുപോവുകയാണ്. ഉദ്ദേശിച്ചതുപോലെയൊന്നും ഈ വർഷം ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടാവില്ല. ഈ വർഷം നടപ്പിലാക്കണമെന്ന് കരുതിയതു പലതും പ്രാവർത്തികമാക്കാനും സാധിച്ചിട്ടുണ്ടാവില്ല. പക്ഷേ അടുത്ത വർഷമെങ്കിലും ആസൂത്രിതരീതിയിൽ സമയം ചെലവഴിക്കാനുള്ള ആലോചനകളും പദ്ധതികളും നമുക്ക് ഇന്നുമുതൽ ഉണ്ടാവണം.അവനവർക്കുവേണ്ടി ജീവിക്കുക എന്നതിനൊപ്പം മറ്റുള്ളവരെ പരിഗണിക്കാനും അവർക്കുവേണ്ടി കൂടി ജീവിക്കാനും തയ്യാറാവുക. അകന്നുപോയതോ നഷ്ടപ്പെട്ടുപോയതോ ആയ ബന്ധങ്ങളെ ഇണക്കിച്ചേർക്കാനും വീണ്ടും സൗഹൃദത്തിലാകാനും തയ്യാറാവുക.

നമ്മുടെ വിചാരം ഇനിയും വർഷമുണ്ടല്ലോയെന്നാണ്. ഒരു വർഷം എന്ന് പറയുമ്പോൾ ദൈർഘ്യമേറിയ കാലമായി തോന്നാം. എന്നാൽ ഒരു വർഷം എന്നത് 300ൽ അധികം ദിവസങ്ങൾ മാത്രമേയുള്ളൂവെന്ന് മനസ്സിലാക്കുമ്പോഴാണ് വർഷങ്ങൾ പോലും ഹ്രസ്വമായിരുന്നുവെന്ന് തിരിച്ചറിയുന്നത്. ഓരോ ദിവസവും വിലപിടിപ്പുള്ളതാണ്. കുറച്ചു മാത്രം സമയമേ നമ്മുടെ പക്കലുള്ളൂ. ഈ പരിമിതകാലത്തിൽ കൂടുതൽ പ്രവർത്തിക്കാനും കൂടുതൽ സ്നേഹിക്കാനും കൂടുതൽ പങ്കുവയ്ക്കാനും കൂടുതൽ സന്തോഷിക്കാനും കൂടുതൽ സന്തോഷം പകരാനും നമുക്ക് ശ്രമിക്കാം. കുറച്ചുമാത്രം സമയത്തിനുള്ളിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നവർ ഭാഗ്യവാന്മാർ.

ക്രിസ്മസിന്റെ ആശംസകളോടെ
**വിനായക് നിർമ്മൽ**
**എഡിറ്റർ ഇൻ ചാർജ്**


**OPPAM**
Only Positive...

Vol: 5 | Issue: 7 | Page: 24
December 2022

Website: www.oppammagazine.com
E mail: oppammagazine@gmail.com
oppammagazine
oppammagazine
oppammagazine

OPPAM

Managing Director: Dr Antoney P Joseph
Botswana
(Gaborone University College of Law & Professional Studies)
Chief Editor: Latnus K.D.
Associate Editors: Benny Abraham, Mariyamma George, Alleppey.

Production Team

Editor in charge : Vinayak Nirmal
Sub Editor: Lincy Jijo
Printed & Published by : Shoby G.V.
Circulation Manager: Antony E.C. Kottamuri
Design : Abraham Thomas

Office

Oppam Magazine
Jominas Building
Nr. SNBS L.P School
Pullur P.O, Thrissur Dt.
Kerala, India, Pin: 680683

For Donation

OPPAM MAGAZINE
A/C No: 12790200319046
FEDERAL BANK
BRANCH: IRINJALAKKUDA
IFSC: FDRL0001279

Printed at

Don Bosco Igact, Kochi-28


ഒപ്പം വാട്സ്ആപ്പ് നമ്പർ - 9207693935

ഒപ്പം മാസികയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ഈ വാട്സ്ആപ്പ് നമ്പർ ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ?

നൗജിൻ വിതയത്തിൽ




2020 ഓഗസ്റ്റ് മാസത്തിലാണ് ഇടുക്കി ജില്ലയിലെ പെട്ടി മുടി ദുരന്തം നടന്നത്. ഒരായുസ്സ് കൊണ്ട് മനുഷ്യൻ കെട്ടിപ്പൊക്കിയതെല്ലാം നിമിഷ നേരം കൊണ്ട് മണ്ണെടുത്തുപോയി. എഴു പതോളം ജീവനുകളാണ് ആ ദുരന്തത്തിന് ആദ്യ ദിനങ്ങളിൽ തന്നെ പൊലിഞ്ഞത്. പലരുടെയും മൃതദേഹങ്ങൾ മണ്ണിനടി യിൽപ്പെട്ട് തിരിച്ചറിയാനാകാത്ത വിധം വികൃതമായി. ചിലരെയാകട്ടെ കണ്ടെ ത്താനുമായില്ല. മഴയും എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും കാരണം രക്ഷാപ്രവർത്തന ത്തിനു ഏറെ തടസ്സമുണ്ടായി. ദുരന്തം നട ന്ന എട്ടാം ദിവസമാണ് മണ്ണിനടിയിൽപ്പെട്ട ധനുഷ്ക എന്ന കുഞ്ഞിന്റെ മൃതദേഹം പുറത്തെടുക്കാൻ ആയത്. ആ ദിവസമൊ ക്കെയും ആ കുഞ്ഞിന്റെ കൂട്ടാളി ആയ 'കു വി' എന്ന വളർത്തു നായ അവരോടൊപ്പം അന്വേഷണത്തിൽ പങ്കുചേരുകയും തന്റെ കളിക്കൂട്ടുകാരിയുടെ മൃതദേഹം കണ്ടെ ത്തുന്നതുവരെ ആ നായ ദിവസങ്ങളോളം അവിടെ നിന്നും മാറാതെ നിൽക്കുകയും ചെയ്തു. തന്റെ യജമാനത്തിയോടുള്ള നന്ദി സൂചകമായാണ് ആ വളർത്തു മൃഗം അവിടെ നിന്നും മാറാതെ നിന്നതത്രേ!

നമ്മൾ മലയാളികൾ ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കുന്ന ഒരു ഇംഗ്ലീഷ് വാക്കാണ് 'Thank You' ഇതിൽ 'Thank' എന്നതിന്റെ മൂലപദമായ 'PANK' എന്ന പഴയ ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം 'ചിന്ത', 'ഓർമ്മ', 'സംതൃപ്തി' എന്നെ ല്ലാമാണ്. എന്നുവച്ചാൽ ഒരാളോട് നന്ദി പറയുക എന്നതിനർത്ഥം അയാളെ കുറിച്ച് ചിന്തിക്കുക, അയാളെ ഓർക്കുക, അയാ ളോടുള്ള സംതൃപ്തി രേഖപ്പെടുത്തുക എന്നെല്ലാമാണ്.

> " പരിഗണന വാക്കുകളിലല്ല, ഹൃദയത്തിലുണ്ടാവുക, ദേഷ്യം വാക്കിലുണ്ടെങ്കിലും ഹൃദയത്തിലുണ്ടാകാതിരിക്കുക

ജീവിതത്തിൽ ഒരു മനുഷ്യന് ഉണ്ടാക്കിയെടുക്കാവുന്ന നല്ല ഗുണങ്ങളിൽ ഒന്ന് നന്ദിയുള്ളവരായിരിക്കുക എന്നുള്ളതാണ്. അത് ദൈവത്തോടായാലും ശരി മനുഷ്യനോടായാലും ശരി. 'Gratitude is the best attitude' എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. പരസ്പരമുള്ള ഒരു നന്ദി പ്രകാശനം വാക്കായും പ്രവൃത്തിയും ചേഷ്ടകളായും നമ്മൾ പ്രകടിപ്പിക്കേണ്ടതു കൂലീനമായ ജീവിതത്തിന്റെ ലക്ഷണമാണ്. എത്രയോ ആളുകളോട് നന്ദി പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നമ്മൾ. എല്ലാറ്റിന്റെയും ഉടമയായ ഉടയതമ്പുരാൻ മുതൽ ജന്മം നൽകിയ മാതാപിതാക്കളും സുഹൃത്തുക്കളും പരിചയക്കാരും അങ്ങനെയൊരു നീണ്ട നിര തന്നെ നമുക്ക് മുന്നിൽ ഉണ്ടാകും.

കമില്ലസ് പുണ്യാളന്റെ ജീവിതത്തിൽ ഇപ്രകാരം ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. പുണ്യാളനും സന്യാസിമാരും കൂടി ഒരിക്കൽ ഗ്രാമത്തിലൂടെ ഭിക്ഷ യാചിച്ചു നടക്കുകയായിരുന്നു. അതിനിടയിൽ ഏതാനും കവർച്ചക്കാർ അദ്ദേഹത്തെയും കൂട്ടുകാരെയും അടിച്ചു വീഴ്ത്തി അവരുടെ കൈവശം ഉണ്ടായിരുന്ന വസ്തുക്കളെല്ലാം കവർന്നെടുത്തു. അൽപ്പ സമയത്തിന് ശേഷം ബോധം തിരിച്ചു കിട്ടിയയപ്പോൾ കമില്ലസ് ഉണർന്നു ദൈവത്തിന് നന്ദി പറഞ്ഞു ഉറക്കെ സ്തുതിക്കാൻ തുടങ്ങി. ഇതുകണ്ട സഹ സന്യാസിമാർക്ക് ശരിക്കും ദേഷ്യം വന്നു . അവരിൽ ഒരുവൻ കമില്ലസിനോട് ചോദിച്ചു : ''ഗുരു, അങ്ങ് എന്തിനാണ് ഇത്ര ദുരന്തകരമായ ഒരു സാഹചര്യത്തിലൂടെ നമ്മൾ കടന്നു പോയപ്പോഴും നന്ദി പറഞ്ഞു പ്രാർത്ഥിക്കുന്നത്?''

അതിനു മറുപടിയായി അദ്ദേഹം പറഞ്ഞു: ''നാലു കാര്യങ്ങൾക്കാണ് ഞാനിപ്പോൾ നന്ദി പറയുന്നത്. ഒന്നാമതായി ഇന്നു മാത്രമാണ് കവർച്ചക്കാർ നമ്മെ ആക്രമിച്ചത്. ഇതുവരെ യാതൊരു ആപത്തും കൂടാതെ ഈശ്വരൻ നമ്മുടെ കാത്തു പരിപാലിച്ചു. രണ്ട്, കവർച്ചക്കാർ നമ്മളെ മാത്രമാണ് ആക്രമിച്ചത്. ആശ്രമവും അതിലുള്ളവരും അതിലുള്ളവയും സുരക്ഷിതമാണ്. അതിനാണ് ഞാൻ നന്ദി പറയുന്നത്. മൂന്ന് കള്ളന്മാർ നമ്മളെ ആക്രമിച്ച് നമ്മുടെ കൈവശമുള്ളതെല്ലാം കവർന്നു എന്നുള്ളത് ശരി തന്നെ. പക്ഷെ അവർ നമ്മുടെ ജീവനെ അപായപ്പെടുത്തിയില്ല. നമ്മുടെ ജീവൻ ദൈവം കാത്തു പരിപാലിച്ചു. നാലാമതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത് ഇതാണ് . കള്ളന്മാരാണ് നമ്മളെ ആക്രമിച്ചു കീഴ്പ്പെടുത്തിയത്. പക്ഷേ മറ്റൊരാളെ ആക്രമിച്ചു കീഴ്പ്പെടുത്തുന്ന കള്ളന്മാരാക്കി ഈശ്വരൻ നമ്മളെ ഇതുവരെ മാറ്റിയിട്ടില്ല. അതിനാണ് ഞാൻ പ്രധാനമായും നന്ദി പ്രകാശിപ്പിക്കുന്നത്.''

കിട്ടിയ അനുഗ്രഹങ്ങൾക്ക് മാത്രമല്ല വരാതെ പോയ അനർത്ഥങ്ങൾക്കും കൂടി വേണ്ടി നന്ദി പ്രകാശിപ്പിക്കുവാൻ നമ്മൾ കടപ്പെട്ടവരാണ് എന്ന് ചുരുക്കം . എത്രയേറെ ദുരന്തങ്ങളിൽ നിന്നാണ് ഈശ്വരൻ നമ്മെ കാത്തു പരിപാലിക്കുന്നത്. അതു

**കിട്ടിയ അനുഗ്രഹങ്ങൾക്ക് മാത്രമല്ല വരാതെ പോയ അനർത്ഥങ്ങൾക്കും കൂടി വേണ്ടി നന്ദി പ്രകാശിപ്പിക്കുവാൻ നമ്മൾ കടപ്പെട്ടവരാണ്**



" നീ തീ കൊളുത്താതെ നിന്റെ ജീവിതം പ്രകാശിക്കുകയില്ല



കൊണ്ടു ദൈവത്തോട് ആയാലും മനുഷ്യ നോട് ആയാലും നന്ദി പ്രകാശിപ്പിക്കുക എന്നുള്ളത് വെറും വാക്കുകൾ കൊണ്ടുള്ള ഒരു അധര വ്യായാമം മാത്രമാണ് എന്ന് കണക്കാക്കരുത്.

നമ്മുടെ സംസ്ക്കാരം പലപ്പോഴും നന്ദി പ്രകടിപ്പിക്കുക എന്നതിനെ വലിയ ഗൗരവത്തോട് കൂടി കാണുന്നില്ല എന്നതാ ന് സങ്കടം. അങ്ങനെ ഉണ്ടെങ്കിൽ തന്നെ അതൊരു ഔപചാരികതയുടെ പുറത്തോ അല്ലെങ്കിൽ ഒരു പൊതു പരിപാടിയുടെ ഒടുവിൽ നടത്തപ്പെടുന്ന ഏതാനും വാ ക്കുകളിലോ ഒതുങ്ങുന്നു. സത്യത്തിൽ ആ വാക്കിന്റെ മൂല അർത്ഥം പോലെ.

നമുക്ക് മറ്റൊരാളോട് കാണിക്കാവുന്ന സ്നേഹത്തിന്റെ ബാഹ്യ പ്രകടനമാണ് നന്ദി പറയുക എന്നുള്ളത്. അത് പറയാതി രിക്കുന്നത് അപരനോടുള്ള നിന്ദനം ആയി വേണം കണക്കാക്കാൻ. കൃതജ്ഞതാ പ്രകാശനം ഒരാളെ കുറേക്കൂടി ഭേദപ്പെട്ട മനുഷ്യനാക്കി മാറ്റുന്നു.

പക്ഷെ നന്ദി പ്രകടിപ്പിക്കുന്ന കാര്യ ത്തിൽ ചിലപ്പോഴെല്ലാം മൃഗങ്ങൾ മനു ഷ്യരേക്കാൾ ഒരു പിടി മുന്നിലാണെന്നു തോന്നും. ഒരിക്കൽ തന്റെ ആശ്രമത്തിനു പുറത്ത് ഒരു അലർച്ച കേട്ട് വന്ന ജെറോം കാണുന്നത് കാലിൽ മുള്ള് കയറിയതി നാൽ ഉറക്കെ കരയുന്ന ഒരു സിംഹത്തെ യാണ്. ആ മൃഗത്തിന്റെ കാലിൽ നിന്നും അദ്ദേഹം മുള്ള് എടുത്തു മാറ്റുന്നു. അന്ന് മുതൽ അ ആ മൃഗം നന്ദി സൂചകമായി ആശ്രമത്തിലെ കാവലായി നിൽക്കുന്നു. ആശ്രമത്തിലെ കഴുതയോടൊപ്പം വിറക് ശേഖരിക്കാനായി ആശ്രമവാസികൾ സിംഹത്തെയും കാട്ടിലേക്ക് അയച്ചിരുന്നു. ഒരിക്കൽ സിംഹം തിരിച്ചു വന്നപ്പോൾ കഴുതയെ കാണ്മാനില്ല. നിശ്ചയമായും ആ സിംഹം അതിനെ കൊന്നു എന്ന് അവർ ധരിച്ചു.

അന്നുമുതൽ സിംഹത്തെ അവർ വെറുക്കാൻ തുടങ്ങി. അവർ അതിനെ ആശ്രമത്തിൽ നിന്നും പുറത്താക്കി. പുറത്താക്കപ്പെട്ട സിംഹം വർഷങ്ങളോളം കാട്ടിൽ അലഞ്ഞു. ഒടുവിൽ ഏതാനും കവർച്ചക്കാരുടെ കൂടെ തന്റെ പഴയ കഴു തയെ സിംഹം കണ്ടുമുട്ടി. അലറിക്കൊണ്ട് സിംഹം അവരെ ആക്രമിച്ചു. അക്രമികൾ ആകട്ടെ പ്രാണ രക്ഷാർത്ഥം ആശ്രമത്തിൽ അഭയം പ്രാപിച്ചു. കവർച്ചക്കാരെയും സിം ഹത്തെയും കഴുതയെയും കണ്ടപ്പോൾ ആശ്രമവാസികൾക്കു കാര്യം മനസ്സിലായി. സിംഹത്തെ തെറ്റിദ്ധരിച്ചതാണ് എന്നു മനസിലാക്കിയ ജെറോം പുണ്യാളൻ ആശ്രമത്തിലേക്ക് സിംഹത്തെ വീണ്ടും പ്രവേശിപ്പിക്കുന്നു.

അദ്ദേഹത്തോടുള്ള നന്ദി സൂചകമായി അന്നുമുതൽ സിംഹം വിശുദ്ധന്റെ കാൽ പ്പാദത്തിന്റെ അരികിൽ നിന്നും മാറാതെ നിന്നു എന്നാണ് പറയുന്നത്. തന്നെ സഹായിച്ചവരെ ഒരു മൃഗം ഇത്ര കാര്യമാ യി പരിഗണിക്കുന്നുവെങ്കിൽ മനുഷ്യർ അതിലും എത്രയോ കാര്യമായി നന്ദി പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു.

ചുമരിൽ നിന്നും ഒരു കലണ്ടർ കൂടി എടുത്തു മാറ്റപ്പെടുകയാണ്. ഓർമിക്കണം, എത്രയെത്ര ആളുകളുടെ കനിവ് ആണ് നമ്മെ ഇതുവരെ എത്തിച്ചത്. അവരെയെ ല്ലാം കൃതജ്ഞതയോടെ ഓർമിക്കുക. സാ ധിക്കുമെങ്കിൽ കൂപ്പു കൈകളോടെ ഒരു നല്ലവാക്കു പറയുക. നമ്മുടെ ബന്ധങ്ങൾ കുറെ കൂടി ദൃഢമാകും തീർച്ച.

**ചുമരിൽ നിന്നും ഒരു കലണ്ടർ കൂടി എടു ത്തു മാറ്റപ്പെ ടുകയാണ്. ഓർമിക്കണം എത്രയെത്ര ആളുകളുടെ കനിവ് ആണ് നമ്മെ ഇതുവ രെ എത്തിച്ചത്. അവരെയെല്ലാം കൃതജ്ഞത യോടെ ഓർമി ക്കുക.**

> പഴയതു മാറ്റാനാവില്ല, പക്ഷേ പുതിയത് നന്നായി ചെയ്യാനാവും

സിബി ജോൺ തൂവൽ

തിരികെ വരാതെ അവസാനിക്കാത്ത യാത്രകളില്ല. അവസാനമെന്നുറപ്പിച്ചു വിട പറഞ്ഞിറങ്ങുമ്പോഴും, ഒരിക്കലെങ്കിലും തിരികെയൊന്നു ചേക്കേറാൻ ഒരു തളിർചില്ല മനസ്സിലെങ്കിലും കൊത്തിയെടുത്തു കൂടെ ചേർക്കാത്തവർ വിരളമാകും. ഒരു വർഷം കൂടി നമ്മളിൽ നിന്നു പുറപ്പെട്ടു പോകുമ്പോൾ മനസ്സിൽ സ്പർശിക്കുന്നതു മറ്റൊന്നുമല്ല, തിരിച്ചുവരവ് എന്ന വാക്കാണ്. തളിരിലപോലെ മൃദുവായൊരു വാക്ക്. എല്ലാം അവസാനിച്ചു ഇനിയൊന്നുമില്ലെന്ന സങ്കടം മനസ്സുകളെ ലോക്ഡൗൺ ചെയ്തുപൂട്ടിയ കാലങ്ങളായിരുന്നു പിന്നിട്ടത്. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ട കാലം. ഒരു മുന്നറിയിപ്പുമില്ലാതെ വീടിനും ഓഫീസുകൾക്കും സൗഹൃദങ്ങൾക്കും പൂട്ടുവീഴുന്നു. റോഡുകൾ വിജനമാകുന്നു. അതുവരെ ആരവങ്ങളുയർന്നിരുന്ന ആഘോഷമുഹൂർത്തങ്ങൾ പൊടുന്നനെ നിശബ്ദമാകുന്നു.

കോട്ടയത്തെ ഓഫീസിലെ നൈറ്റ് ഷിഫ്റ്റ് ഡ്യൂട്ടി കഴിഞ്ഞു അർദ്ധരാത്രിയിൽ എം.സി റോഡിലൂടെ ആൾക്കൂട്ടം നിറഞ്ഞ ബസിലായിരുന്നു അതുവരെയുള്ള മടക്കയാത്ര. സൈഡ് സീറ്റിലാകും മിക്കപ്പോഴും ഇരിപ്പ്. ഷട്ടർ ഉയർത്തി പുറത്തേക്കു നോക്കുമ്പോൾ എങ്ങും ഇരുട്ടിനെ തോൽപ്പിക്കുന്ന തിളക്കമുള്ള വെളിച്ചങ്ങൾ മാത്രം. പുലരാറായിട്ടും പൂട്ടുവീഴാത്ത, ആളൊഴിയാത്ത കടകൾ. റോഡിലാവട്ടെ, എതിരെയും മറികടന്നും വാഹനങ്ങളുടെ തിടുക്കയാത്ര. അടുത്തസീറ്റിൽ ചേർന്നിരിക്കുന്നവർ അപ്പോഴും ആലോചനയിലാവും. അടുത്ത ദിവസം ചെയ്യേണ്ടവയെ കുറിച്ച്. ആർക്കും വിശ്രമിക്കാറായിട്ടില്ല.

എല്ലാം നിലച്ചതു പെട്ടെന്നായിരുന്നു. വാഹനങ്ങൾ നിലച്ചു. വഴിയോരത്തെ വിളക്കുകൾ അണഞ്ഞു. ഇടവ

# തിരികെ വരുന്ന യാത്രകൾ



> നെഗറ്റീവായതിൽ നിന്ന് എത്രത്തോളം അകന്നുനില്ക്കുന്നുവോ ജീവിതം അത്രത്തോളം പോസിറ്റീവാകും



ഴിയിലടക്കം ഇരുട്ടുപരന്നു. സീറ്റുകളൊഴിഞ്ഞു. സ്വന്തം വാഹനത്തിൽ ഏകനായി മടങ്ങുമ്പോൾ റോഡുകൾ പാടെ വിജനം. വല്ലപ്പോഴും എതിരെ വരുന്നതു ആംബുലൻസുകൾ മാത്രം. ഇരുട്ടിൽ ദൂരെ നിന്നവയുടെ ആർത്തനാദം കേൾക്കാം. പിന്നെയവ കുതിച്ചുപാഞ്ഞുവരും. ഇരുട്ടിലൂടെ വന്ന് ഇരുട്ടിലൂടെ എങ്ങോട്ടോ പോകും. അതാണു നേരത്തെ പറഞ്ഞത്, എല്ലാം അവസാനിച്ചു എന്നു സങ്കടപ്പെട്ട കാലം.

**ലോക്ഡൗണുകൾ പിന്നിട്ട് പഴയ ആവേശത്തിലേക്കു നാം തിരികെ വന്നിരിക്കുന്നു, പൂർണമായല്ലെങ്കിൽപോലും. തിരിച്ചുവരവ് എന്ന ചിന്ത. ഇതാണു ഈ വർഷം പോകുമ്പോൾ എന്നെ പ്രത്യാശഭരിത നാക്കുന്നത്.**

ഇപ്പോൾ ലോക്ഡൗണുകൾ പിന്നിട്ട് പഴയ ആവേശത്തിലേക്കു നാം തിരികെ വന്നിരിക്കുന്നു, പൂർണമായല്ലെങ്കിൽപോലും. തിരിച്ചുവരവ് എന്ന ചിന്ത. ഇതാണു ഈ വർഷം പോകുമ്പോൾ എന്നെ പ്രത്യാശഭരിതനാക്കുന്നത്.

യാത്രകൾ ആരംഭിക്കുന്നു. വിളക്കുകൾ തെളിയുന്നു. ആരവങ്ങൾ ഉയരുന്നു. ആൾക്കൂട്ടങ്ങൾ ഓടിക്കൂടുന്നു. തിരിച്ചുവരാതിരിക്കാൻ ആവില്ല മനുഷ്യന് എന്നതാണു ജീവിതത്തിനു ഏറ്റവും സന്തോഷം പകരുന്ന രസതന്ത്രം. തിരിച്ചുവരുമ്പോൾ പക്ഷേ, ഒരു തിരിച്ചറിവ് കൂടെ ഉണ്ടാകണം എന്നു മാത്രം.

മാസ്കുകളുടെ മറ നീക്കുമ്പോൾ ഓർക്കുക അവിടെ തെളിയേണ്ടത് ഒരു പുഞ്ചിരിയാണ്. പുച്ഛിച്ചും ശപിച്ചും അഹങ്കരിച്ചും മേളിച്ചു നടന്ന പലരും തിരിച്ചുവരാനില്ല. അവർ ഇരുട്ടുപരന്ന് ഒഴിഞ്ഞുകിടന്ന വഴികളിലൂടെ എങ്ങോട്ടോ കുതിച്ചുപാഞ്ഞു പോയി...!

കയ്യിലുണ്ടായിരുന്നതും ബാങ്ക് നിക്ഷേപവുമെല്ലാം കൊടുത്തിട്ടും അൽപം ഓക്സിജൻ കിട്ടാതെ മരിച്ചുപോയവരുണ്ട് നമുക്കിടയിൽ. അതുവരെ വിലപിടിച്ചതെന്നു കരുതിയവ കേവലം പാഴെന്നു നടുക്കത്തോടെ മനസ്സിലായെങ്കിലും, ഒന്നും ചെയ്യാനാവാതെ വിസ്മൃതിയിലേക്കു പോയവർ.

അങ്ങനെ നോക്കുമ്പോൾ മാസ്ക് മാത്രമല്ല മാറ്റേണ്ടത്. മാസ്കിനൊപ്പം മാറ്റേണ്ടവയുടെ പട്ടിക നീണ്ടു കിടക്കുന്നു. ഓരോരുത്തരുടെയും പട്ടിക വ്യക്തിപരമാണ്.

പലരും പലതും മാറ്റിത്തുടങ്ങി. മുൻപുവരെ പൂട്ടിക്കെട്ടിവെച്ചവ ഇന്നു തുറന്നു തരുന്നു. പങ്കിടാനും പങ്കുവെയ്ക്കാനും ഉള്ളതാണു സ്വന്തമായുള്ളതെല്ലാം എന്നു കാട്ടിത്തരുന്നു. ചിന്തകളിലും പ്രവർത്തികളിലും. നീ അത് തിരിച്ചറിയുന്നുണ്ടോ?

ഒരിക്കലും വീഴാതിരിക്കുന്നതിലല്ല, മറിച്ച് ഓരോ തവണ വീഴുമ്പോഴും തിരിച്ചെഴുന്നേൽക്കുന്നതിലാണു മഹത്വം എന്നൊരു മഹദ് വാചകമുണ്ട്. മഹാനായ ചിന്തകൻ കൺഫ്യൂഷസ് മുതൽ നെൽസൺ മണ്ടേല വരെ പലയാവർത്തി പറഞ്ഞതാണിത്.

വീഴാതിരിക്കാൻ നമുക്കാവില്ല. വീണിടത്തുനിന്ന് എഴുന്നേറ്റു നടക്കാതിരിക്കാനും. അങ്ങനെ എഴുന്നേറ്റു നടക്കുമ്പോൾ, ആ തിരിച്ചുവരവിനൊപ്പം തിരിച്ചറിവുകളുടെ പുതുകാഴ്ചകൾ കൂടിയുണ്ടാവണം.

അതുണ്ടാകുന്നു എന്നു അപൂർവമായെങ്കിലും കാണാനാവുന്നതാണ് ഈ വർഷത്തെ യാത്രയാക്കുമ്പോൾ എന്റെ പ്രതീക്ഷ.

തിരിച്ചെഴുന്നേറ്റു തിരികെ നാം നടക്കുന്നു. ചേക്കേറുന്നു, നന്മകൾ തളിരിടുന്ന പുത്തൻ ചില്ലകളിലേക്ക്. തിരിച്ചുവരാത്ത യാത്രകളില്ല. തിരികെ വരാത്ത നന്മകളില്ല. തീർച്ച.

> പാതിയോളമെങ്കിലും സ്നേഹിക്കപ്പെട്ടിട്ടുണ്ടെങ്കിൽ മുഴുവനായും ജീവിക്കാൻ കഴിയും

വിനിൽ ജോസഫ്

# ഇഷ്ടം തന്ന
# ആ നീലക്കുറിഞ്ഞി കാഴ്ച



**ഇക്കഴിഞ്ഞ വർഷത്തിലെ ആയിരക്കണക്കിന് വാർത്തകളിൽ വച്ച് വ്യക്തിപരമായി തനിക്കേറെ ഇഷ്ടപ്പെട്ട, തന്നെ സ്പർശിച്ച ഒരു വാർത്തയെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കുകയാണ് പത്രപ്രവർത്തകനായ ലേഖകൻ**


നീലക്കുറിഞ്ഞി കാണാൻ മോഹം

87 വയസുള്ള അമ്മയെ ചുമലിലേറ്റി മക്കൾ മല കയറി

ചില വാർത്തകൾ ഇങ്ങനെയാണ്... വായനയിലൂടെ മനസിനെ സ്പർശിച്ച് ചിന്തകളിലൂടെ മനസിലേക്ക് ആഴ്ന്നിറങ്ങി ഓർമകളുടെ അറയിൽ കുടിയിരിക്കും. മുന്നോട്ടുള്ള ജീവിതത്തിൽ അത് നമ്മെ പിന്തുടരുകയും അറിവിലും അനുഭവത്തിലും ഒന്നാം സ്ഥാനം നേടുകയും ചെയ്യും. അങ്ങനെ മായാതെ മറയാതെ കാലങ്ങളോളം അത് നമ്മുടെ കൂടെയുണ്ടാവും. അത് ചരിത്രമാകുകയും ചെയ്യും.

2022ൽ നിരവധി വാർത്തകളിലൂടെ കടന്നുപോയിട്ടുണ്ടെങ്കിലും വ്യക്തിപരമായി

> ജീവിതത്തിന്റെ മധുരം ആസ്വദിക്കാൻ കഴിയുന്നവർക്ക് കയ്പും സ്വീകരിക്കാൻ കഴിയണം

എന്നെ സ്പർശിച്ച ഒരു വാർത്തയെക്കുറിച്ചാണ് ഈ കുറിപ്പ്. കുറേയേറെ സംസാരിക്കപ്പെട്ടതു കൂടിയാണ് ആ വാർത്ത.

അമ്മയുടെ ആഗ്രഹം സഫലമാക്കിയ മക്കളുടെ സൽപ്രവൃത്തിയാണ് വാർത്തയുടെ ഇതിവൃത്തം. നീലക്കുറിഞ്ഞി കാണാൻ കോട്ടയത്തെ കടുത്തുരുത്തിയിൽ നിന്നും ഇടുക്കിയിലെ ശാന്തൻപാറയിലേക്ക് അമ്മ ഏലിക്കുട്ടിയുമായി മകൻ റ്റോജനും കുടുംബാംഗങ്ങളും നടത്തിയതായിരുന്നു ആ യാത്ര. 87 വയസുള്ള, വാർധക്യകാല രോഗങ്ങൾ അലട്ടുന്ന അമ്മയുടെ മോഹം തിരസ്കരിക്കാൻ തയാറാകാതിരുന്ന മക്കളുടെ മനസിന്റെ വലിപ്പമാണ് ഏറെ ആകർഷിച്ചത്. വാർധക്യം അവഗണിക്കപ്പെടുന്ന സമകാലീന ലോകത്ത്, ഏറെക്കുറെ അമ്മയുടെ അധിക മോഹമെന്ന് വിശേഷിപ്പിക്കാവുന്ന ആഗ്രഹമാണ് മക്കൾ സഫലമാക്കിയത്.

ഇത്രയും പ്രായമായ അമ്മയെ എങ്ങനെ ശാന്തൻപാറയുടെ ഉയരങ്ങളിലേക്ക് എത്തിക്കുമെന്ന് വായനയിൽ തോന്നാം. പക്ഷെ വാർത്തയുടെ ഉള്ളടക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മകൻ റ്റോജന്റെ വാക്കുകൾ സംശയം അകറ്റുകയും ആകാംക്ഷയിലേക്ക് എത്തിക്കുകയും ചെയ്യും.

അദേഹം പറയുന്നതിങ്ങനെയാണ്; ''അമ്മയുടെ ആഗ്രഹം ഞങ്ങളുടെ ഉത്തരവാദത്വമാണ്, അത് നിറവേറ്റുക എന്നത് ഞങ്ങളുടെ കടമയാണ്.''

അമ്മയോട് പറയാതെയായിരുന്നു റ്റോജൻ യാത്രയ്ക്ക് പ്ലാൻ ചെയ്തത്. നീലക്കുറിഞ്ഞി കാണണമെന്ന് അമ്മയ്ക്ക് ആഗ്രഹമുണ്ടെന്നറിഞ്ഞപ്പോൾ തന്നെ അദ്ദേഹം അതിന്റെ സാധ്യതകൾ സുഹൃത്തുക്കളോട് ചോദിച്ച് മനസിലാക്കി. തുടർന്ന് അമ്മയുടെ ആഗ്രഹപൂർത്തീകരണത്തിനായി മുന്നിട്ടിറങ്ങുകയായിരുന്നു. കുടുംബാംഗങ്ങൾക്കൊപ്പം അമ്മയെ കൈപിടിച്ച് അവരൊരുമിച്ച് ശാന്തൻപാറയുടെ നീലക്കുറിഞ്ഞി സൗന്ദര്യം ആസ്വദിക്കുകയായിരുന്നു.

ഈ വാർത്ത നൽകുന്ന ഊർജവും ഉണർവും കാലങ്ങളോളം നിലനിൽക്കുമെന്നതിൽ സംശയമില്ല. മാതാപിതാക്കളെ അവഗണനയോടെ കാണുന്ന മക്കൾക്ക് ചെറിയതോതിലെങ്കിലും ഇതൊരു തിരിച്ചറിവിന്റെ അനുഭവം പകർന്നു നൽകും. നീലക്കുറിഞ്ഞി കാണിക്കാൻ കൊണ്ടുപോയില്ലെങ്കിലും നിസ്വാർഥമായ ഒരിറ്റ് സ്നേഹമെങ്കിലും നൽകാൻ ഒരുവേളയെങ്കിലും അവർ തയാറാകും. അതുതന്നെയാണ് വാർത്തയുടെ മഹത്വം വിളിച്ചോതുന്നത്.

നൻമയുടെ മഹത്വം പ്രതിധ്വനിക്കണമെന്ന് കരുതുന്ന മനസുകൊണ്ട് നമുക്കീ സത്പ്രവൃത്തിയെ പ്രശംസിക്കാം. സമാനമായ പ്രവൃത്തികളുടെ അനുരണനം നമ്മുടെ ജീവിതത്തിലും സംഭവിക്കട്ടെയെന്ന് പ്രത്യാശിക്കാം.

**87 വയസുള്ള, വാർധക്യകാല രോഗങ്ങൾ അലട്ടുന്ന അമ്മയുടെ മോഹം തിരസ്കരിക്കാൻ തയാറാകാതിരുന്ന മക്കളുടെ മനസിന്റെ വലിപ്പമാണ് ഏറെ ആകർഷിച്ചത്.**



ശീലങ്ങളിൽ മാറ്റം വരുത്താൻ കഴിയുമ്പോൾ ഭാവിയിലും മാറ്റം വരും

അഭിലാഷ് ഫ്രേസർ



# ദൗർബല്യങ്ങളുടെ കഥ പറയുന്ന ക്രിസ്മസ് രാവ്

ചിലപ്പോൾ നാം ദൈവത്തോട് പറഞ്ഞു പോകാറുണ്ട്. നീ വിചാരിച്ചാൽ ഏതു കാര്യവും പൂ നുള്ളുന്ന പോലെ നിസാരമല്ലേ. എന്നിട്ടെന്തുകൊണ്ട് ചെയ്യുന്നില്ല? ‘എന്നിട്ടും ഇതൊന്നും ദൈവം ചെയ്യുന്നില്ലല്ലോ, ദൈവമേ!’ എന്നാണ് പ്രതിസന്ധിഘട്ടങ്ങളിൽ നാം നിലവിളിച്ചു പോകുന്നത്. ദൈവത്തിനു പോലും കാര്യങ്ങൾ അത്ര എളുപ്പമായിരുന്നില്ല. ഈ പ്രശ്നങ്ങളൊക്കെ വേണമെങ്കിൽ ഒഴിവാക്കാമായിരുന്നില്ലേ എന്ന് എത്രയോ വട്ടം നാം ചിന്തിച്ചിട്ടുണ്ട്! ഒന്ന് ജനിക്കാൻ പെട്ട പാട് ഒന്നോർത്ത് നോക്കൂ.

പിറവി അടുത്ത വന്ന നേരത്താണ് ഹേറോദേസിന്റെ കല്പന. മലയും കുന്നും കാടും കടന്ന് പോയി പേരെഴുതിക്കണം. ദൈവത്തിന് വേണമെങ്കിൽ ഹേറോദേസിന്റെ തീരുമാനത്തെ സ്വാധീനിക്കാമായിരുന്നില്ലേ. ആ തീരുമാനം റദ്ദാക്കുകയോ നീട്ടിവയ്പിക്കുകയോ ചെയ്യാൻ എത്രയോ വഴികൾ ദൈവത്തിന്റെ മുമ്പിൽ ഉണ്ടായിരുന്നു. ഒന്നുമല്ലെങ്കിൽ ദൈവപുത്രൻ പിറക്കാൻ പോകുന്ന സമയമല്ലേ. ഇത്ര ബുദ്ധിമുട്ടിക്കണോ? ആലോചിച്ചു നോക്കുമ്പോൾ തോന്നുന്നത് ക്രിസ്മസ് ഉണ്ടാകാതിരിക്കാൻ ആരൊക്കെയോ ചേർന്ന് ഉപജാപം നടത്തി എന്നാണ്. പേരെഴുതിക്കാനുള്ള കല്പന ഉണ്ടാക്കി വയ്ക്കുന്ന പുകിൽ കൊണ്ടൊന്നും കഷ്ടങ്ങൾ തീരുന്നില്ലല്ലോ. പ്രസവ വേദന കൊണ്ട് രാത്രി വലയുമ്പോൾ ഒരു വാതിൽ... ഒരൊറ്റ വാതിൽ പോലും തുറക്കപ്പെടുന്നുമില്ലല്ലോ. ഒരു സത്രമുടമയുടെയെങ്കിലും കാതിൽ ഒരു മാലാഖയെ അയച്ച് പറയാമായിരുന്നില്ലേ, ഒന്നു തുറന്ന് കൊടുക്കാൻ!

എത്ര കുഞ്ഞുങ്ങൾ ആഹ്ലാദമധുരങ്ങളിലേക്ക് പിറന്നു വീണ ഭൂമിയാണിത്. എത്ര രാജപുത്രൻമാർ തോഴിമാരുടെയും വയറ്റാട്ടിമാരുടെയും അകമ്പടിയോടെ എഴുന്നുള്ളിയ ഈറ്റില്ലങ്ങളുണ്ട്. എന്നി

> ക്രിസ്മസ് വേറിട്ടൊരു പാഠമാണ്. മനുഷ്യാവതാരം ഇക്കാണുന്ന നക്ഷത്രങ്ങളും സംഗീതവും ആഘോഷരാവും മാത്രമല്ല എന്ന് ഓർമിപ്പിക്കുന്ന ഒരു സന്ദേശം.

> “ മറ്റുള്ളവർക്ക് വാതിൽ തുറന്നുതരാനേ കഴിയൂ, കടന്നുപോകേണ്ടത് നീ മാത്രമാണ്



**മണ്ണിന്റെയും വിയർപ്പിന്റെയും കാലിക്കൂട്ടത്തിന്റെയും വൈക്കോലിന്റെയും ഗന്ധത്തോടെ പിറന്ന ദൈവംമനുഷ്യർക്ക് ജീവൻ പകർന്ന് സ്നേഹിക്കാൻ നിതാന്തമായ പ്രചോദനമാകുന്നു.**

ട്ടും പ്രധാനപ്പെട്ട ഒരാൾ ഇങ്ങനെ വഴിവക്കിൽ... ഹേറൊദേസിന്റെ പടയാളികൾ ആയുധധാരികളായി തേടിയെത്തുമ്പോൾ ജീവനും കൊണ്ട് പലായനം ചെയ്യേണ്ട വിധം അശരണനാകുന്നതുമെന്തു കൊണ്ട്, ചെങ്കടലിനെ പിളർന്ന ദൈവം!

ക്രിസ്തുവിന്റെ ജനനവും ജീവിതവും മനുഷ്യനെ ചിന്താക്കുഴപ്പത്തിലാക്കുന്നത് ഇക്കാരണങ്ങൾ കൊണ്ടാണ്. ദൈവം വല്ലാതെ താഴുന്നു. വല്ലാതെ ദുർബലനാകുന്നു. ദൈവം കരയിപ്പിക്കുന്നു. തേരോട്ടങ്ങൾ നടത്തി വാഴുന്ന ദൈവസങ്കൽപങ്ങൾ കാലത്തിന്റെ ഒരു അനർഘനിമിഷത്തിൽ നിശ്ചലമാകുന്നു. മനുഷ്യരോടൊപ്പം, അഥവാ മനുഷ്യരെക്കാൾ താഴുന്നു. കാലിത്തൊഴുത്ത് മനുഷ്യർ അന്തിയുറങ്ങുന്ന ഇടമല്ലല്ലോ! ദൈവമേന്തേ ഇങ്ങനെ? ബാക്കിയാകുന്ന ചോദ്യമിതാണ്.

ക്രിസ്മസ് വേറിട്ടൊരു പാഠമാണ്. മനുഷ്യാവതാരം ഇക്കാണുന്ന നക്ഷത്രങ്ങളും സംഗീതവും ആഘോഷരാവും മാത്രമല്ല എന്ന് ഓർമിപ്പിക്കുന്ന ഒരു സന്ദേശം. എല്ലാറ്റിനുമുപരി ക്രിസ്മസ് മനുഷ്യന്റെ സങ്കടങ്ങളുമായി ദൈവത്തിന്റെ താദാത്മ്യം പ്രാപിക്കലാണ്. ജീവിതത്തിന്റെ ദുർവഹമായ പ്രയാസങ്ങളിലൂടെ കൂനിക്കൂടി കടന്നു പോകേണ്ടി വരുന്ന ഓരങ്ങളിലെ മനുഷ്യരുടെ പക്ഷം ചേരലാണ്. അവർക്ക് ഒന്നും എളുപ്പമല്ല. അവർ ഊരും വീടും നഷ്ടപ്പെട്ട അഭയാർത്ഥികളാണ്. അവരുടെ മുന്നിൽ വാതിലുകൾ കൊട്ടിയടക്കപ്പെടുന്നുണ്ട്. അവരുടെ പേരുകൾ പോലും ആരും തിരിച്ചറിയുന്നില്ല. അവരെ കുറിച്ച് അറിയാനും ആർക്കും താല്പര്യമില്ല. അടയുന്ന ഓരോ വാതിലിന്റെ മുന്നിൽ നിന്നും അവർ തല താഴ്ത്തി കടന്നു പോകുന്നുണ്ട്. അവസാനം അവരെത്തുന്നത് വാതിൽ പടിയോ വാതിലോ ഇല്ലാത്ത ഒരു ഹൃദയത്തിന്റെ മുന്നിലാണ്. ആ ഹൃദയം രൂപപ്പെട്ടത് മഞ്ഞുപെയ്യുന്ന ധനുമാസരാവിലാണ്, വാതിലുകളില്ലാത്ത കാലിത്തൊഴുത്തിൽ വച്ച്!



ജീവിതം അത്ര എളുപ്പമല്ലല്ലോ ദൈവമേ. എന്നു വിലപിക്കുന്ന നേരങ്ങളാണ് യഥാർഥത്തിൽ ക്രിസ്മസ് രാവ്. നീണ്ട ക്യൂ നിൽക്കേണ്ടി വരുമ്പോൾ, വൈകിട്ട് വരെ അധ്വാനിച്ചിട്ടും പ്രത്യേകിച്ച് ഒന്നും കിട്ടാതെ വരുമ്പോൾ, ഒരു തീവണ്ടി വിട്ടു പോയി റെയിൽവേ സ്റ്റേഷനിൽ അന്തിയുറങ്ങേണ്ടി വരുമ്പോൾ, സഹായിക്കുമെന്ന് പ്രതീക്ഷിച്ച ഒരു സുഹൃത്ത് കണ്ട ഭാവം നടിക്കാതെ വാതിലടച്ചു കടന്നു പോകുമ്പോൾ, രോഗാതുരനാകുമ്പോൾ ദൈവം ഒരത്ഭുതം ചെയ്യും എന്ന് പ്രതീക്ഷിച്ചിട്ടും ഒന്നും സംഭവിക്കാതെ വരുമ്പോൾ... ദൈവം ഒരു വാക്ക് കല്പിച്ചിരുന്നെങ്കിൽ ഈ ജീവിത പ്രയാസങ്ങളെല്ലാം എത്ര എളുപ്പം തരണം ചെയ്യാമായിരുന്നു എന്നോർത്ത് പരിഭവിക്കുമ്പോൾ ക്രിസ്മസ് രാവ് പൂക്കുന്നു. ദൈവത്തിനു പോലും ഒന്നും എളുപ്പമായിരുന്നില്ല. അല്ലെങ്കിൽ ഒന്നും എളുപ്പമാകേണ്ട എന്ന് ദൈവം അങ്ങ് തീരുമാനിച്ചു.

മദർ തെരേസയോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചുവത്രേ, ലക്ഷം രൂപ തന്നാൽ പോലും ഞാനീ വൃത്തികെട്ട കുഷ്ഠരോഗികളെ ശുശ്രൂഷിക്കില്ല. ലക്ഷം രൂപയല്ല കോടി തന്നാലും ഞാനിതു ചെയ്യില്ല. ഇതു ചെയ്യാൻ ഒറ്റക്കാരണം ക്രിസ്തുവാണ് എന്ന് മദർ മറുപടി കൊടുത്തു. ഈ ഒറ്റക്കാരണം അനേകലക്ഷം പേർക്ക് മലകളെ മാറ്റാനുള്ള വെളിച്ചവും ഊർജവുമായതെങ്ങനെ! അതിന്റെ രഹസ്യമാണ് ദൗർബല്യങ്ങളുടെ കഥ പറയുന്ന ഈ ക്രിസ്മസ് രാവ്.

ദൈവം ഓരങ്ങളിലൂടെ ഭാരവും താങ്ങി വേച്ചു വേച്ചു നടന്നു പോയി. രഥങ്ങളും കൊട്ടാരങ്ങളും വെണ്ണക്കൽ ദൈവങ്ങളും മൺമറഞ്ഞു. എന്നാൽ, തെരുവുകളിലൂടെ അലഞ്ഞു നടന്ന് മണ്ണിന്റെയും വിയർപ്പിന്റെയും കാലിക്കൂട്ടത്തിന്റെയും വൈക്കോലിന്റെയും ഗന്ധത്തോടെ പിറന്ന ദൈവം, ഈജിപ്തിലേക്കുള്ള മരുഭൂമിയിലെ പൊടിമണ്ണ് പറ്റിയ ദൈവം മനുഷ്യർക്ക് ജീവൻ പകർന്ന് സ്നേഹിക്കാൻ നിതാന്തമായ പ്രചോദനമാകുന്നു. അജയ്യമായ ഊർജമാകുന്നു. നീ എന്റെ മൺകുടിലിൽ വന്ന് പാർത്തതു കൊണ്ട് നിന്നോടുള്ള വിദൂരമായ ആരാധന എന്റെ ചങ്കിന്റെ ചൂടുള്ള സ്നേഹമായി മാറിയിരിക്കുന്നു. ദൈവമേ, ഈ രാത്രി നീ എന്റെ കൂടെപ്പിറപ്പായിരിക്കുന്നു!

---

> “ ജീവിതവും നോട്ടുബുക്കും ഒരുപോലെയാണ്, തെറ്റുണ്ടാവും; തിരുത്തലും

ജിബു കൊച്ചുചിറ



# ചേക്കേറാൻ നമുക്ക് എത്ര എത്ര ചില്ലകൾ

എന്തിനെയെങ്കിലും തൊട്ടിരിക്കുക എന്നത് പ്രകൃതിയുടെ മുഴുവൻ ചോദനയാണെന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ശരിയായിരിക്കാം, ഒന്നോർത്താൽ ജീവിതത്തിന്റെ മുഴുവൻ ഒഴുക്കും എന്തെങ്കിലും ഒരു സമുദ്രത്തിനോട് ഒട്ടിച്ചേരാനാണല്ലോ. ചിറക് കൂമ്പി തനിച്ചിരിക്കുന്ന പക്ഷികളെ നോക്കിയിരിക്കുമ്പോൾ ഇങ്ങനെ ഒരു ചോദ്യം ഉള്ളിൽ വന്ന് എത്തിനോക്കാറുണ്ട്. ഒറ്റയ്ക്കാവുന്നവരുടെ പെരുക്കം കൊണ്ടാണോ ഈ ലോകം ഇത്രമാത്രം ഇരുണ്ടുപോകുന്നത്? റഫീക്ക് അഹമ്മദിന്റെ ഒരു കവിതയുണ്ട്:

> ഏറ്റവും ഗാഢമായി
> കെട്ടിപ്പുണരേണ്ടതിനായാണ്
> പാമ്പുകൾ കൈകാലുകൾ പോലും
> ഉപേക്ഷിച്ചത്
> അതിനാൽ തന്നെയാവാം
> ചിലന്തിക്ക് എട്ടുകാലുകൾ ഉണ്ടായത്
> മേഘങ്ങളെ
> തൊടണമെന്നില്ലായിരുന്നെങ്കിൽ
> പർവ്വതങ്ങൾ ഒരിക്കലും

> "എന്തെങ്കിലും നേടണമെന്നാണ് ആഗ്രഹമെങ്കിൽ അതിനു വേണ്ടി അദ്ധ്വാനിക്കാൻ തയ്യാറാകണം



മണ്ണിൽ നിന്ന് ഉയരുകയില്ലായിരുന്നു.
ഭൂമിയെ മഴയായ് വന്ന്
തൊടാനല്ലെങ്കിൽ പിന്നെ ജലം
ഇങ്ങനെ നീറി നീറി നീരാവി
ആവേണ്ടതില്ലായിരുന്നല്ലോ.

എല്ലാ മനുഷ്യരുടെയും അബോധത്തിൽ അജ്ഞാതരായ മനുഷ്യരുടെ സ്പർശത്തോടുള്ള അകാരണമായൊരു ഭയമുണ്ടെന്ന് ഏലിയാസ് കനേറ്റി എഴുതിയിട്ടുണ്ട്. അതേപോലെതന്നെ പ്രിയപ്പെട്ട ഒന്നിനെ തൊട്ടിരിക്കാനും ഒരു മനുഷ്യന്റെ ബോധത്തിലും അബോധത്തിലും അടങ്ങാത്ത ആഗ്രഹം ഉണ്ടാകുമെന്നത് തീർച്ചയാണ്.

സ്നേഹം വന്നു തട്ടുമ്പോഴാണല്ലോ നമ്മുടെ നോവുകൾ പോലും ഭേദമാകുന്നത്. സ്നേഹത്തിന്റെ ഒരു ചെറുസ്പർശമെങ്കിലും ഉണ്ടായിട്ടില്ലായെങ്കിൽ പണ്ടേക്കു പണ്ടേ ഉറപ്പായും നമ്മൾ മരിച്ചു പോയേനെ. കഴിഞ്ഞ ദിവസം ഒരു സുഹൃത്ത് സ്നേഹത്തെപ്പറ്റി പറഞ്ഞതിങ്ങനെയായിരുന്നു: 'ആരുടെയൊക്കെയോ സ്നേഹത്തിന്റെയും അനുകമ്പയുടെയും പരിഗണനയുടെയും വിശ്വാസത്തിന്റെയും പങ്കും പറ്റിയാണ് നമ്മൾ ഇങ്ങ് വരെ എത്തിച്ചേർന്നത്.' അതെ നിത്യം എത്ര ആളുകളുടെ സ്നേഹത്തിനിടയിലൂടെ ആണ് ജീവിതം കടന്നുപോകുന്നത്. ഓരോ ഏടുകളിൽ വച്ചും നമ്മൾ സ്നേഹത്തിന് പല വിധത്തിൽ, ആഴത്തിൽ സലാം ചൊല്ലുന്നുണ്ട്. നമ്മളെ കടന്നുപോകുന്ന ഓരോരുത്തരിലും സ്നേഹത്തിന്റെ തരിമ്പുകൾ ഉണ്ടായിരിക്കുമെന്നാകും ജീവിതം കരുതി വച്ചിരിക്കുന്നത്. കൊറോണക്കാലത്താണ് മനുഷ്യനും മനുഷ്യനും തമ്മിൽ തൊട്ടിരിക്കേണ്ടതിന്റെ ആവശ്യം എത്രയോ തീവ്രമാണ് എന്ന തിരിച്ചറിവിലേക്ക് നമ്മൾ വളർന്നത്. വ്യത്യസ്തരായ മനുഷ്യരെ കണ്ടും ചേർന്നിരുന്നും മുട്ടിയുരുമ്മിയുമൊക്കെ അറിഞ്ഞുമറിയാതെയും കടന്നുപോയവരാണ് നമ്മൾ. ആരൊക്കയോ തോളുരുമ്മി നമ്മളെ കടന്നു പോകുന്നതു പോലും ഭൂമിയിൽ നാം ഒറ്റയ്ക്കല്ല എന്ന ഓർമപ്പെടുത്തലാണ്. നമ്മുടെ ശരീരം തന്നെ അനേകായിരം മനുഷ്യരെയും മനഷ്യസംസ്കാരത്തെയും സ്പർശിച്ചിട്ടാണ് ഓരോ ദിവസവും കടന്നു പോകുന്നത്. അതുകൊണ്ടായിരിക്കാം, റിനി രവീന്ദ്രൻ കൊറോണ കാലത്തിനുശേഷം പ്രസിദ്ധീകരിച്ച 'ഉൾമരങ്ങൾ' എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയത്: 'മരിച്ചാലും മായാതെ ഇരിക്കട്ടെ രണ്ടുപേർ സ്നേഹിക്കുന്നതിന്റെ പാടുകൾ.' എവിടെയോ വായിച്ച കവിതയുടെ കുറച്ചു വരികൾ ഓർമ്മ വരുന്നു. 'വീണപ്പോൾ കൈ തന്ന അപരിചിതൻ എന്നിലുള്ള സംശയം തീർത്തു തന്നില്ലേ.' നമ്മുടെ വരണ്ട മണ്ണിലേക്കൊരു ചാറ്റൽ മഴയാണ് സ്നേഹത്തോടെയുള്ള ഓരോ സ്പർശനവും... കരുതലോടു കൂടിയ ഓരോ ചേർത്തുപിടിക്കലും.

**പ്രിയപ്പെട്ട ഒന്നിനെ തൊട്ടിരിക്കാനും ഒരു മനുഷ്യന്റെ ബോധത്തിലും അബോധത്തിലും അടങ്ങാത്ത ആഗ്രഹം ഉണ്ടാകുമെന്നത് തീർച്ചയാണ്.**

> ആഗ്രഹിക്കുന്നത് മാത്രം കേൾക്കാൻ ഇഷ്ടപ്പെടുന്നവർക്കിടയിൽ വിശദീകരിച്ച് സമയം കളയരുത്

# ഏറ്റവും വലിയ സമ്പത്ത്

ആദ്യം ചില ചോദ്യങ്ങൾ ചോദിക്കാം. സമ്പന്നനാകാൻ ആഗ്രഹിക്കാത്ത ആരെങ്കിലുമുണ്ടാവുമോ? എന്നാൽ എങ്ങനെയാണ് സമ്പന്നനാകാൻ കഴിയുന്നത്? അതിന് എന്തെങ്കിലും എളുപ്പവഴികളുണ്ടോ? ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത് എന്താണ്?

ഇനി ഉത്തരം പറയാം. എല്ലാവരുടെയും ആഗ്രഹമാണ് സമ്പത്ത്. സമ്പത്ത് നേടിത്തരുന്ന ആത്മവിശ്വാസം തെല്ലും കുറവല്ല എന്നതുകൊണ്ടാണ് അത്. എന്നാൽ സമ്പത്ത് നേടേണ്ടത് മാന്യമായ രീതിയിലും ആദരപൂർവ്വമായ വഴിയിലൂടെയുമായിരിക്കണം. അക്കാരണത്താൽ തന്നെ സ്വത്തു സമ്പാദനത്തിന് എളുപ്പവഴികളില്ല. വീടും ബാങ്ക് ഡിപ്പോസിറ്റുകളും സ്വർണ്ണവും എല്ലാം സമ്പത്താണ്. എന്നാൽ ഏറ്റവും വലിയ സമ്പത്ത് ഇതൊന്നുമല്ല,

സമയമാണ് ഒരു വ്യക്തിയുടെ ഏറ്റവും വലിയ സമ്പത്ത്. സമയം എങ്ങനെ ചെലവഴിക്കുന്നു എന്നത് അനുസരിച്ചാണ് ഒരു വ്യക്തി സമ്പന്നനാകുന്നത്. സമയത്തിന്റെ ഫലപ്രദമായ വിനിയോഗമാണ് ഒരു വ്യക്തിയുടെ ജീവിതത്തെ മാറ്റിമറിക്കുന്നത്. ജീവിതവിജയം നേടിയവരും മഹാന്മാരായ വ്യക്തികളുമെല്ലാം സമയത്തിന്റെ വില തിരിച്ചറിഞ്ഞവരായിരുന്നു. സമയത്തിന്റെ ഫലപ്രദമായ വിനിയോഗവും സമയക്രമീകരണവും; ഇതാണ് ജീവിതവിജയം

**സമയമാണ് ഒരു വ്യക്തിയുടെ ഏറ്റവും വലിയ സമ്പത്ത്. സമയം എങ്ങനെ ചെലവഴിക്കുന്നു എന്നത് അനുസരിച്ചാണ് ഒരു വ്യക്തി സമ്പന്നനാകുന്നത്.**



**" നീ ആരാണെന്ന് തെളിയിക്കപ്പെടും വരെ ആളുകൾക്ക് നിന്നെ അംഗീകരിക്കാൻ ബുദ്ധിമുട്ടായിരിക്കും**




24 മണിക്കൂറാണ്. എന്നാൽ എല്ലാവരും ഒരുപോലെയല്ല സമയം ചെലവഴിക്കുന്നത്. സമയവിനിയോഗപ്പട്ടികയുടെ സഹായത്തോടെ സമയക്രമീകരണം നടത്തിയാൽ ജീവിതത്തിൽ വിജയിക്കാൻ കഴിയുമെന്നാണ് ടൈം മാനേജ്മെന്റ് വിദഗ്ദ്ധരുടെ അഭിപ്രായം. ഡയറിയിലോ പേപ്പറിലോ ഒരു ദിവസം ചെയ്യേണ്ട കാര്യങ്ങളെ മുൻഗണനാക്രമത്തിൽ എഴുതിവയ്ക്കുകയും അതിലൂടെ പ്രധാനപ്പെട്ടവ ആദ്യം ചെയ്തുതീർക്കുകയും ചെയ്യുന്ന രീതിയാണ് ഇത്.

ചെയ്യേണ്ട പ്രവൃത്തികളെ കാലബന്ധിയായി തിരിക്കുക എന്നതാണ് മറ്റൊരു നിർദ്ദേശം. നാളെ ആയിത്തീരാനുള്ള ലക്ഷ്യത്തിലേക്ക് ഇന്നു തന്നെ ഒരു ലിസ്റ്റ് തയ്യാറാക്കുക. ഹ്രസ്വകാലം, ദീർഘകാലം എന്നിങ്ങനെ ഇവയെ രണ്ടായിതിരിക്കാം. പേരു സൂചിപ്പിക്കുന്നതുപോലെ ചില ലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ ചെറിയൊരു കാലാവധി മതിയാകും. എന്നാൽ വേറെ ചില ലക്ഷ്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിലുള്ളവയാണ്. ചെയ്യേണ്ടതെന്തോ അതിനു വേണ്ട സമയത്ത് അത് ചെയ്ത് തീർക്കുകയും വേണം. കൃത്യമായി പാലിക്കേണ്ടവയാണ് ഈ നിയമം.

സമയ ക്രമീകരണം ഏർപ്പെടുത്തുമ്പോൾ മറന്നുപോകരുതാത്ത ഒരു കാര്യം കൂടിയുണ്ട്. ഉറക്കം, ഭക്ഷണം, വിനോദം, വ്യായാമം, പഠനം എന്നിവയ്ക്കും സമയം നീക്കിവയ്ക്കണം. ലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ നമ്മെ സഹായിക്കുന്നത് മതിയായ ഉറക്കവും ആരോഗ്യവും മാനസികോല്ലാസവുമാണ്. അതുകൊണ്ട് വലിയ നേട്ടങ്ങൾക്കുവേണ്ടി സ്ഥിരമായി ഉറക്കം കളയുന്നതോ വിനോദങ്ങൾ വേണ്ടെന്ന് വയ്ക്കുന്നതോ വ്യായാമം ചെയ്യാതിരിക്കുന്നതോ നല്ലതല്ല. അനുവദിച്ചിരിക്കുന്ന സമയം എത്ര നന്നായി ഉപയോഗിക്കുന്നുഎന്നതനുസരിച്ചാണ് ജീവിതത്തിലെ നേട്ടങ്ങൾ എല്ലാം. അലസനായ ഒരു വിദ്യാർത്ഥിയോ അലസനായ തൊഴിലാളിയോ ഒരിക്കലും വലിയ വിജയത്തിലെത്തുകയില്ലെന്ന് മറക്കാതിരിക്കാം. പാഴാക്കി കളഞ്ഞ സമയത്തിന് പകരം ഇനിയെങ്കിലും സമയം നല്ലതുപോലെ ചെലവഴിക്കാൻ ശ്രമിക്കാം.

നേടിത്തരുന്നത്.

ഒരാൾ ജീവിതത്തിൽ പരാജയപ്പെടുന്നതിലും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിലും സമയ ക്രമീകരണം മുഖ്യപങ്കു വഹിക്കുന്നു. ചില കായികമത്സരങ്ങളിൽ പങ്കെടുക്കുമ്പോഴാണ് മൈക്രോ സെക്കന്റിന് പോലും വിലയുണ്ടെന്ന് നാം മനസ്സിലാക്കുന്നത്. അതുപോലെ മിനിറ്റുകൾക്ക് വ്യത്യാസത്തിൽ ട്രെയിനും ബസുകളും നമുക്ക് നഷ്ടമാകാറുണ്ട്. പരീക്ഷകളിൽ തോല്ക്കുമ്പോഴാണ് അലസമായി ചെലവഴിച്ച സമയത്തിന്റെ വില അറിയുന്നത്. ഇവിടെയെല്ലാം നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. പാഴാക്കിക്കളഞ്ഞ സമയം നമുക്കൊരിക്കലും തിരികെ കിട്ടില്ല. ഇത്തരമൊരു തിരിച്ചറിവ് സമയം പാഴാക്കാതെ ഉപയോഗിക്കാനും സമയം ഫലപ്രദമായി വിനിയോഗിക്കാനും പ്രചോദനമാകുന്നു.

സമയബോധമുള്ളവൻ ജ്ഞാനിയും അതില്ലാത്തവൻ അജ്ഞനുമാണെന്നാണ് ഹെന്റി ഫോർഡിന്റെ അഭിപ്രായം.

എല്ലാ മനുഷ്യരുടെയും പക്കലുള്ളത്

**പാഴാക്കിക്കളഞ്ഞ സമയം നമുക്കൊരിക്കലും തിരികെ കിട്ടില്ല. ഇത്തരമൊരു തിരിച്ചറിവ് സമയം പാഴാക്കാതെ ഉപയോഗിക്കാനും സമയം ഫലപ്രദമായി വിനിയോഗിക്കാനും പ്രചോദനമാകുന്നു.**

> കണ്ണുകൾ ലക്ഷ്യത്തിൽ നിന്ന് മാറ്റാതിരിക്കൂ,കാലുകൾ മുന്നോട്ടു സഞ്ചരിച്ചുകൊണ്ടേയിരിക്കും



# ദാമ്പത്യം വിജയിപ്പിക്കാം

അനുയോജ്യമായപങ്കാളിയെ കണ്ടെത്തിയതുകൊണ്ടുമാത്രമല്ല ഒരു ദാമ്പത്യവും വിജയിച്ചിട്ടുള്ളത്.മറിച്ച് ലഭിച്ച ദാമ്പത്യത്തെ അനുയോജ്യമായ വിധത്തിൽ സമീപിച്ചതുകൊണ്ടാണ്. പെട്ടെന്നൊരു ദിവസംകൊണ്ടോ ഒരാളുടെ മാത്രം ഭാഗത്തുനിന്നുള്ള ബോധപൂർവ്വ മായ ശ്രമം കൊണ്ടോ മാത്രം ഒരു ദാമ്പത്യ വും വിജയിച്ചിട്ടില്ല.

വലിയൊരു ബിസിനസ് ശൃംഖല വിജയിപ്പിച്ചവർക്കുപോലും സ്വന്തം ദാമ്പ ത്യജീവിതം വിജയത്തിലെത്തിക്കാൻ കഴി യണമെന്നില്ല. നൂറുകണക്കിന് ആളുകളെ നിയന്ത്രിക്കുന്ന ഒരു ഉന്നതാധികാരിക്ക് ചിലപ്പോൾ ജീവിതപങ്കാളിയെ വരുതിയി ലാക്കാൻ കഴിയണമെന്നില്ല. വിവാഹം ഒരു തീരുമാനമാണ്. സ്വഭാവികമായും ഉയർച്ചതാഴ്ചകളുണ്ടാവും. നല്ലതും ചീത്ത യുമുണ്ടാവും. എന്നാൽ ദാമ്പത്യം എന്നേയ് ക്കും നിലനില്ക്കുന്നതാണ്. അതുകൊണ്ട് തന്നെ നിരവധി ഘടകങ്ങളുടെ ബാക്കി പത്രമായി മാത്രമേ ദാമ്പത്യബന്ധത്തെ വിലയിരുത്താനാവൂ.

ദാമ്പത്യബന്ധത്തിന്റെ വിജയത്തിന് അടിസ്ഥാനമായിരിക്കുന്ന ചില ഘടകങ്ങ ളെ പരിചയപ്പെടാം

> കഴിവുള്ളവരുടെ കാൽപ്പാടുകളെ പിന്തുടരാതെ സ്വയം വഴിവെട്ടിതെളിച്ച് കഴിവുണ്ടെന്ന് കാണിച്ചുകൊടുക്കുക

## സ്നേഹം/ പ്രതിബദ്ധത

ഇണയെ സ്നേഹിക്കും എന്ന തീരുമാനമാണ് ദാമ്പത്യജീവിതത്തിലെ പ്രധാന ഘടകം. ഈ സ്നേഹം സിനിമയിലോ നോവലിലോ കാണുന്നതുപോലെ അതിവൈകാരികമല്ല. നിമിഷനേരത്തേക്കുള്ള വർണ്ണക്കാഴ്ചകളുമല്ല. ജീവിതാവസാനം വരെ സ്നേഹിക്കും എന്ന ഉറച്ച തീരുമാനമാണ് ദാമ്പത്യത്തിന്റെ സുസ്ഥിരത നിശ്ചയിക്കുന്നത്. യഥാർത്ഥസ്നേഹം എന്നത് ജീവിതത്തിലെ പരീക്ഷണദുർഘട ഘട്ടങ്ങളിലും ഉറച്ചുനില്ക്കുന്ന സ്നേഹമാണ്.

> **ജീവിതാവസാനം വരെ സ്നേഹിക്കും എന്ന ഉറച്ച തീരുമാനമാണ് ദാമ്പത്യത്തിന്റെ സുസ്ഥിരത നിശ്ചയിക്കുന്നത്.യഥാർത്ഥസ്നേഹം എന്നത് ജീവിതത്തിലെ പരീക്ഷണദുർഘട ഘട്ടങ്ങളിലും ഉറച്ചു നില്ക്കുന്ന സ്നേഹമാണ്.**

## ലൈംഗിക വിശ്വസ്തത

ശരീരത്തിൽ മാത്രം നില്ക്കുന്നതല്ല ദമ്പതികൾക്കിടയിലെ ലൈംഗികവിശ്വസ്തത. കണ്ണ്, മനസ്സ്, ഹൃദയം,ആത്മാവ് ഇവയെല്ലാം തമ്മിൽ അതിന് ബന്ധമുണ്ട്. മറ്റൊരു വ്യക്തിയെക്കുറിച്ചുള്ള ലൈംഗികമോഹങ്ങൾ ഉള്ളിൽ സൂക്ഷിക്കുന്നതുപോലും ഇണയോടുള്ള ലൈംഗിക അവിശ്വസ്തതയുടെ ഭാഗമാണ്.ശരീരം കൊണ്ടെന്നതിലേറെ മനസ്സുകൊണ്ട് വഴി തെറ്റുന്നവരാണ് കൂടുതലുമെന്നിരിക്കെ ഇക്കാര്യത്തിൽ വിശ്വസ്തത പുലർത്തുന്ന ദമ്പതികൾ എത്രപേരുണ്ടാവും?



## എളിമ

ആരോഗ്യകരമായ ദാമ്പത്യബന്ധത്തിൽ സ്വന്തം തെറ്റുകളെക്കുറിച്ചുള്ള അവബോധമുണ്ടായിരിക്കണം. ആരും പരിപൂർണ്ണരല്ല.നിനക്കു കുറവുകളുള്ളതുപോലെ എനിക്കും കുറവുകളുണ്ട് എന്ന് തിരിച്ചറിയണം. ക്ഷമ ചോദിക്കാനുള്ള മനസ്സുണ്ടാകുന്നതും ക്ഷമ കൊടുക്കാൻ കഴിയുന്നതും അപ്പോഴാണ്. പങ്കാളിയോട് എന്തുമാത്രം സഹിഷ്ണുത കാണിക്കുന്നു, ക്ഷമിക്കുന്നു എന്നത് ദാമ്പത്യജീവിതത്തിന്റെ വിജയത്തിൽ പ്രധാനപ്പെട്ടതാണ്.

## സമയം

ദാമ്പത്യത്തിലെ വലിയൊരു നിക്ഷേപമാണ് സമയം. ഒരുമിച്ചു പങ്കിടുന്ന സമയം ദാമ്പത്യബന്ധത്തെ മനോഹരമാക്കും. കൂടുതൽ സമയം ഒരുമിച്ചു ചെലവിടുന്നതില്ലല്ല, കുറച്ചുസമയമേ ഉള്ളൂവെങ്കിലും അത് പ്രയോജനപ്രദമാക്കുന്നതിലാണ് മിടുക്ക്.

## ആശയവിനിമയം

ആരോഗ്യകരമായ ദാമ്പത്യബന്ധത്തിലാണ് പങ്കാളികൾതമ്മിലുള്ള ആശയവിനിമയം കാര്യക്ഷമമായി നടക്കുന്നത്. മക്കളുടെ ഭാവികാര്യങ്ങൾ, സാമ്പത്തിക വശങ്ങൾ, ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ, പ്രതീക്ഷകൾ, ആകുലതകൾ എല്ലാം പരസ്പരം പങ്കുവയ്ക്കണം.

## നിസ്വാർത്ഥത

വിവാഹബന്ധങ്ങളുടെ തകർച്ചകളുടെ കാരണം അന്വേഷിക്കുന്ന പഠനങ്ങൾ കണ്ടെത്തിയത് ദമ്പതികൾക്കിടയിലെ സ്വാർത്ഥത അവിടെ വില്ലനായിമാറുന്നുവെന്നതാണ്. സ്വാർത്ഥനായ പങ്കാളി അയാളെ മാത്രമേ പരിഗണിക്കുന്നുള്ളൂ. തന്റെ സുഖം, തന്റെ അസുഖം, തന്റെ ഭാവി, തന്റെ സ്പനം... ഒരുമിച്ചുള്ള ജീവിതത്തെക്കുറിച്ച് അവർ ചിന്തിക്കുന്നതേയില്ല. സ്വാർത്ഥതയിൽ നിന്ന് പുറത്തുകടക്കുക. അപ്പോൾ മാത്രമേ ദാമ്പത്യബന്ധം ദൃഢമായിരിക്കുകയുള്ളൂ.

> “ നിന്നിൽ നീ വിശ്വസിക്കാത്തിടത്തോളം കാലം നിനക്ക് ഒരിക്കലും നീ ആഗ്രഹിക്കുന്ന വിജയം നേടാൻ കഴിയില്ല.




# ഉയർത്തുന്ന ആശങ്കകൾ

സമ്മതിച്ചു. നല്ല പടമാണ് ജയ ജയ ജയ ജയ ഹേ. ഒരു മധ്യവർത്തി കുടുംബത്തിലെ സാധാരണക്കാരുടെ മകളായി ജനിച്ചുവളരുന്ന ഒരു പെൺകുട്ടിയുടെ ജീവിതത്തെയും പുരുഷകേന്ദ്രീകൃതമായ സമൂഹം അവളിൽ അടിച്ചേല്പിക്കുന്ന അനിഷ്ടങ്ങളുടെയും അവൾ അനുഭവിക്കുന്ന പലതരത്തിലുള്ള വ്യക്തിസ്വാതന്ത്ര്യങ്ങളുടെ അഭാവങ്ങളെയുമെല്ലാം വാസ്തിവകതാബോധത്തോടെ ചിത്രീകരിച്ചിരിക്കുന്ന സിനിമ തന്നെയാണ് ഇത്. രണ്ടുവർഷം മുമ്പ് പുറത്തിറങ്ങിയ ദി ഗ്രേറ്റ് ഇന്ത്യൻകിച്ചൺ സിനിമയെക്കാൾ സ്വഭാവികമായ ജീവിതപരിസരം തന്നെയായിരുന്നു ഈ ചിത്രത്തിന്റെ സ്വീകാര്യതയ്ക്ക്കാരണമായതും. (അസ്വസ്ഥകരമായ ദാമ്പത്യത്തിൽ നിന്ന് ഭർത്താവിന്റെ തലയിൽ അഴുക്കുവെള്ളം കോരിയൊഴിച്ച് ഓടി രക്ഷപ്പെടുന്ന ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചണിലെ പേരില്ലാത്ത നായികയെക്കാൾ എത്രയോ ഉയരത്തിലാണ് പേരുള്ള ജയഭാരതി). ഇങ്ങനെ ജയഹേയെക്കുറിച്ച് എണ്ണി പറയാൻ പലതുമുണ്ട്.

എന്നാൽ വളരെ ടോക്സിക്ക് ആയ ഒരു ബന്ധത്തിൽ നിന്ന് രക്ഷപ്പെടാനും അല്ലെങ്കിൽ അതിനെ നേരിടാനും ഒരു പെൺകുട്ടി/ ഭാര്യ വിവാഹത്തിന് മുമ്പോ അതിന് ശേഷമോ കരാട്ടെ പഠിക്കുകയാണ് എന്ന മട്ടിലുള്ള വിലയിരുത്തലിൽ പെൺകുട്ടികളും ഭാര്യമാരും എത്തിച്ചേരുന്നിടത്താണ് ജയ ഹേ ആശങ്കയുണർത്തുന്നത്. ആക്രമണവും പ്രത്യാക്രമണങ്ങളുമാണോ ദാമ്പത്യത്തിലെ പ്രശ്നങ്ങൾക്കുള്ള പോംവഴി?

ഭർത്താവിന് ഭാര്യയെയോ ഭാര്യയ്ക്ക് ഭർത്താവിനെയോ കായികമോ മാനസികമോ ആയി വേദനിപ്പിക്കാനോ ഉപദ്രവിക്കാനോ അവകാശമില്ല. എന്തിന് പരസ്പരം ബന്ധപ്പെട്ടുപോകുന്ന സാമൂഹിക ജീവിതത്തിൽ പോലും മറ്റൊരാളെ വേദനിപ്പി

> **ഭർത്താവിന് ഭാര്യയെയോ ഭാര്യയ്ക്ക് ഭർത്താവിനെയോ കായികമോ മാനസികമോ ആയി വേദനിപ്പിക്കാനോ ഉപദ്രവിക്കാനോ അവകാശമില്ല.**

> " നീ ചിന്തിക്കുന്നതുപോലെയാണ് നിന്റെ സന്തോഷം രൂപപ്പെടുന്നത്. നീ പറയുന്നതുപോലെയാണ് മറ്റുള്ളവരിലേക്ക് സന്തോഷം വ്യാപരിക്കുന്നത്.



ക്കാൻ ഒരു വ്യക്തിക്കും അവകാശമില്ല. താലി കെട്ടിയതിന്റെ ഉടമസ്ഥതാബോധത്തിൽ പങ്കാളിയെ അടിമയെപോലെ സമീപിക്കുന്നവരും അടിച്ചമർത്തി മുന്നോട്ടുകൊണ്ടുപോകുന്നവരും കുറവൊന്നുമല്ല. ഒരുമിച്ചു മുന്നോട്ടു പോകാൻ കഴിയാത്തത്ര വിധത്തിലുള്ള വൈരുദ്ധ്യങ്ങളും സ്വഭാവസവിശേഷതകളും ദമ്പതികൾക്കിടയിലുണ്ടെങ്കിൽ അതിന് ഏക പോംവഴി പരസ്പരം പിരിഞ്ഞുപോവുകയാണ്, കയ്യാങ്കളിയിലേർപ്പെടുക എന്നതല്ല.

പെൺകുട്ടികളെക്കാൾ ഇക്കാര്യത്തിൽ ബോധവത്കരിക്കപ്പെടേണ്ടത് അവരുടെ മാതാപിതാക്കളാണ്. കഴിഞ്ഞ തലമുറയിൽ മാത്രമല്ല ഈ തലമുറയിൽ പോലും പെൺകുട്ടികൾ വിവാഹിതരായി പിതൃഗൃഹം വിട്ടുപോകുന്നതോടെ അവർക്ക് ആ വീടിന്റെ താങ്ങും തണലും നഷ്ടപ്പെടുകയാണ്. ഇനി നിന്റെ വീട് അതാണ് എന്നാണ് അച്ഛനമ്മമാർ അവരോട് പറയുന്നതും പറഞ്ഞു പഠിപ്പിക്കുന്നതും.

ഇറങ്ങിപ്പോന്ന വീട് തിരികെ സ്വീകരിക്കാതിരിക്കുകയും കയറിച്ചെന്ന വീട് സ്വന്തമായി അനുഭവപ്പെടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഭർത്താവിൽ നിന്ന് മാനസികവും ശാരീരികവുമായിപീഡനങ്ങൾ സഹിച്ച് ഒന്നുകിൽ പല പെൺകുട്ടികളും ആത്മഹത്യ ചെയ്യുകയോ അല്ലെങ്കിൽ ഏതു വിധേനയെങ്കിലും ജീവിതം മുന്നോട്ടുകൊണ്ടു പോകുകയോ ചെയ്യുന്നു. സാമ്പത്തികമുള്ള വീടുകളിൽപോലും ഇതാണ് അവസ്ഥയെങ്കിൽ ഇടത്തരം വീടിന്റെ കാര്യം പറയാനുണ്ടോ.

പെൺകുട്ടിയെ ഭാരമായിട്ടാണ് ഇന്നും ചില കുടുംബങ്ങൾ കാണുന്നത്. തന്നെ അകാരണമായി രാജേഷ് മർദ്ദിക്കുന്നുവെന്ന് സങ്കടം പറയുന്ന ജയയോട് അച്ഛനും അമ്മയും ആങ്ങളയും പ്രതികരിക്കുന്ന രീതി നോക്കുക. ഇതെല്ലാം സാധാരണയെന്ന മട്ടിലാണ് അവ. എന്നാൽ ഏറ്റവും ഒടുവിൽ ചില കഠിന തീരുമാനങ്ങളിൽ ജയ എത്തുമ്പോഴും ആ തീരുമാനത്തെ മാതാപിതാക്കൾ പിന്തുണയ്ക്കുന്നില്ല. സ്ത്രീധന പീഡനങ്ങളുടെ പേരിൽ മരിക്കേണ്ടിവന്ന പല പെൺകുട്ടികളുടെയും മുഖങ്ങൾ നമ്മുടെ മനസ്സിലേക്ക് കടന്നുപോകുന്നുണ്ടാവാം. ഇവിടെയാണ് ജയയ്ക്ക് പിന്തുണയുമായി ഒടുവിൽ മനസ്സ് മാറി ജയൻ എന്ന സഹോദരൻ എത്തുന്നത്.അവളെ സ്വന്തം കാലിൽ നില്ക്കാൻ വഴിയൊരുക്കുന്നത് അയാളാണ്.

ഇങ്ങനെയുള്ള ചേട്ടന്മാരുണ്ടെങ്കിൽ ഇന്നും പല പെൺകുട്ടികളും സന്തോഷത്തോടെ ജീവിക്കുമായിരുന്നു. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ പെങ്ങളുടെ ജീവിതത്തിന്മേലുള്ള റിസ്ക് ഏറ്റെടുക്കാൻ പല ആങ്ങളമാരും തയ്യാറല്ല.

ജയഹേയിലെ രാജേഷിന്റെയും ജയഭാരതിയുടെയും മാനസികാവസ്ഥകളെക്കൂടി അപഗ്രഥിക്കേണ്ടതുണ്ട്. രാജേഷിന്റെ വ്യക്തിത്വം ഇത്രത്തോളം വികലമായിപോയത് എന്തുകൊണ്ടാണ്? അയാളുടെ കുടുംബസാഹചര്യങ്ങൾക്ക് അതിൽ പ്രമുഖ പങ്കുണ്ട്. ഭർത്താവുമായി തട്ടിച്ചുനോക്കുമ്പോൾ മകൻ എത്രയോ ഭേദമാണെന്നാണ് രാജേഷിന്റെ അമ്മയുടെ വെളിപ്പെടുത്തൽ. ഇതിൽതന്നെ ആ സ്ത്രീ കടന്നുപോയ ദാമ്പത്യാവസ്ഥയുടെ ചിത്രം തെളിമയാർന്നുകിട്ടുന്നുണ്ട്.

എന്നാൽ ഭർത്താവിന്റെ അടിയും ഇടിയും കൊണ്ട് ജീവിക്കാനുള്ളതാണ് ഭാര്യയുടെ ജന്മം എന്ന തെറ്റായ വിശ്വാസപ്രമാണവുമായി പരാതികളില്ലാതെയും ഭർത്താവിന് പകരം ഇപ്പോൾ മകനെ പേടിച്ചും അവന് ഇഷ്ടമുള്ള ഇടിയപ്പവും കടലക്കറിയും നിത്യവുമുണ്ടാക്കിയും സീരിയൽ കണ്ടും ജീവിച്ചുപോവുകയാണ് ആ സ്ത്രീ. പക്ഷേ അങ്ങനെ ഒതുങ്ങിക്കൂടാൻ ജയഭാരതി തയ്യാറാകുന്നില്ല. കാരണം അവൾക്ക് സ്വപ്നങ്ങളുണ്ട്. ഇതാണ് പുതിയ കാലത്തെ ഭാര്യയെയും പഴയ കാലത്തെ ഭാര്യയെയും വ്യത്യസ്തമായി അടയാളപ്പെ

**പെൺകുട്ടികൾ വിവാഹിതരായി പിതൃഗൃഹം വിട്ടു പോകുന്നതോടെ അവർക്ക് ആ വീടിന്റെ താങ്ങും തണലും നഷ്ടപ്പെടുകയാണ്. ഇനി നിന്റെ വീട് അതാണ് എന്നാണ് അച്ഛനമ്മമാർ അവരോട് പറയുന്നതും പറഞ്ഞു പഠിപ്പിക്കുന്നതും.**

> നമ്മെ നന്നാക്കിയെടുക്കാൻ ഏറ്റവും നല്ല മാർഗ്ഗം നാം ശുഭാപ്തിവിശ്വാസിയായിരിക്കുക എന്നതാണ്

ടുത്തുന്നത്. കുടുംബ സാഹചര്യങ്ങളാണ് രാജേഷിന്റെ വ്യക്തിത്വം വികലമാക്കിയത്.

സമാനമായ രീതി തന്നെയാണ് ജയഭാരതിയുടേതും. രാജേഷിന്റെ പീഡനങ്ങളെ കായികമായി നേരിടാൻ ജയഭാരതിയെ പ്രേരിപ്പിക്കുന്ന ഘടകങ്ങളും വിലയിരുത്തേണ്ടതുണ്ട്. ചെറുപ്രായം മുതൽക്കേ വിവേചനവും അസമത്വവും നേരിടേണ്ടിവന്നവളാണ് ജയഭാരതി.സ്വന്തം ഇഷ്ടങ്ങൾക്ക് മേൽ മറ്റുള്ളവർ തീരുമാനമെടുക്കേണ്ടിവന്നത് നിസ്സഹായതയോടെ നോക്കിനില്ക്കേണ്ടിവന്നവൾ. ആൺമേൽക്കോയ്മയുടെ ഇര. ഒരു താലിച്ചരടിന്റെ ഉടമസ്ഥത പോലും ഇല്ലാതിരുന്നിട്ടും അധ്യാപകനായ കാമുകൻ പോലുംഅവളെ കരണത്തടിക്കുന്നുണ്ട്. ഇത്തരമൊരു വീർപ്പുമുട്ടിക്കുന്ന അവസ്ഥയിൽനിന്നാണ് മാനസികമായി വിവാഹത്തിന് തയ്യാറല്ലാത്ത ഒരു അവസ്ഥയിൽ അവൾ വിവാഹിതയാകുന്നത്.

അവിടെയും ആഗ്രഹിച്ചതിന് വിരുദ്ധമായ കാര്യങ്ങളാണ് അവളുടെ ജീവിതത്തിൽ സംഭവിക്കുന്നത്.ആദ്യമായി രാജേഷിന്റെ കരം കവിളത്ത് പതിഞ്ഞപ്പോൾതന്നെ അവൾ പ്രതികരിക്കാനുള്ള നടപടികൾ മനസ്സിൽ ചിട്ടപ്പെടുത്തിയിരിക്കണം. രാജേഷിനെ മാത്രമല്ല അവൾ കായികമായി നേരിട്ടത് അന്നുവരെ അവളുടെ ജീവിതത്തിൽ തീരുമാനങ്ങൾ നടപ്പിലാക്കിയ എല്ലാ പുരുഷന്മാരെയുമായിരുന്നിരിക്കണം.

കുട്ടിക്കാലത്തെ മുറിവുകളുമായി ദാമ്പത്യജീവിതത്തിലേക്ക് വന്നപ്പോൾ ആ മുറിവുകൾ ഒന്നുപോലെ ഇരുവർക്കും വലുതായി. മുറിവ് സൗഖ്യപ്പെടുത്തേണ്ടവരാകുന്നതിന് പകരം ഇരുവരും പരസ്പരം മുറിവുകൾ വ്രണങ്ങളാക്കി മാറ്റുന്നവരായി. സാഹചര്യങ്ങളെക്കാൾ വ്യക്തിത്വത്തിലെ വൈകല്യങ്ങളാണ് രാജേഷിന്റെയും ജയഭാരതിയുടെയും ദാമ്പത്യം അലങ്കോലപ്പെടുത്തിയത്. കാരണം പരിഹരിക്കുന്നതിന് പകരം വിഷയത്തെയാണ് സിനിമ അഭിസംബോധന ചെയ്തത്. അതിനെ ഒരു ചെറിയപങ്ക് പ്രേക്ഷകരെങ്കിലും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്തു. അതായത് ദേഹോപദ്രവം ഏല്പിക്കുന്ന ഭർത്താവിനെ തിരിച്ച് അതുപോലെ നേരിടുക. അയാളുടെ ബിസിനസ് പൊളിക്കാൻ അയാളുടെ മാതിരി തന്ത്രം പ്രയോഗിക്കുക.

രാജേഷിന്റെയും ജയയുടെയും ദാമ്പത്യപ്രശ്നങ്ങൾക്ക് പരിഹാരമായത് അവർ അടിച്ചും തിരിച്ചടിച്ചും ജീവിച്ചപ്പോഴായിരുന്നില്ല ഉഭയസമ്മതത്തോടെ പിരിഞ്ഞുപോയപ്പോഴാണ്. ജയയുടെ ജീവിതം പ്രകാശപൂരിതമാകുന്നത് അവൾ കയ്പുള്ള ഭൂതകാലത്തിൽ നിന്ന് വേർപിരിഞ്ഞ് സ്വന്തം കാലിൽ നില്ക്കാൻ തീരുമാനിക്കുമ്പോഴാണ്.

ഭർത്താവിനെ കായികമായി നേരിടാൻ ഭാര്യമാർ തയ്യാറാവണം എന്ന മട്ടിലാണ് പല സ്ത്രീകളും ഈ സിനിമയെക്കുറിച്ച് അഭിപ്രായം പറയുന്നത്. സ്വയരക്ഷയ്ക്കും സ്വയം പ്രതിരോധത്തിനുമായി പെൺകുട്ടികൾ കരാട്ടേപോലുള്ള ആയോധന കലകൾ പഠിക്കുന്നത് തീർച്ചയായും നല്ലതുതന്നെ. പക്ഷേ, പോർവിളിച്ചും എതിരിട്ടും ആർപ്പുമുഴക്കിയും കെട്ടിമറിയുന്ന ഗോദയല്ല കുടുംബജീവിതം. വ്യക്തിസ്വാതന്ത്ര്യവും നീതിയും തുല്യതയും ഉറപ്പുവരുത്തേണ്ട സ്നേഹത്തിലും സൗഹൃദത്തിലും അധിഷ്ഠിതമായ ഒരു ഉടമ്പടിയാണ് വിവാഹം.

**രാജേഷിന്റെയും ജയയുടെയും ദാമ്പത്യ പ്രശ്നങ്ങൾക്ക് പരിഹാരമായത് അവർ അടിച്ചും തിരിച്ചടിച്ചും ജീവിച്ചപ്പോഴായിരുന്നില്ല ഉഭയസമ്മതത്തോടെ പിരിഞ്ഞുപോയപ്പോഴാണ്.**



“ നമ്മെ നന്നാക്കിയെടുക്കാൻ ഏറ്റവും നല്ല മാർഗ്ഗം നാം ശുഭാപ്തിവിശ്വാസിയായിരിക്കുക എന്നതാണ്

STORY

റെജു പുലിക്കോടൻ

# പ്രണയമരണം



ഒടുവിൽ അവർ തീരുമാനിച്ചു 'എങ്കിൽ പിന്നെ നമുക്ക് പിരിയാം. അതിനു മുൻപ് അവസാനമായി അൽപ്പം ഭക്ഷണം കഴിക്കാം.'

ഡ്യൂക്കിന്റെ വെടിയുണ്ട വേഗത്തിൽ അവർ നഗരക്കാഴ്ചകളിലേക്ക് ഊളിയിട്ടു. ഒടുവിൽ എത്തിയത് നഗര കവാടത്തിനുവെളിയിലെ തട്ടുകടയിലാണ്. വിഷം പുരട്ടിയ ഭക്ഷണത്തിനു പേര് കേട്ട ഈ ഭോജനശാല എന്നും അവർക്ക് പ്രിയങ്കരമായിരുന്നു.

പതിവു പോലെ അവർ ഒന്നിച്ചിരുന്ന് ഒരു പാത്രത്തിൽ നിന്ന് വിഷം കഴിച്ചു. ഏതോ പഴയ വിഷാദ ഗാനം കടയിലെ റേഡിയോയിൽ നിന്ന് മുഴങ്ങുന്നുണ്ടായിരുന്നു. അവർ പരസ്പരം യാത്ര പറഞ്ഞ് രണ്ടു കൈവഴികളായിപ്പിരിഞ്ഞു. അപ്പോഴാണ് അത് സംഭവിച്ചത്. അവരുടെ പഴയ ഓർമ്മകൾ തിരിച്ചു വന്നു. തട്ടുകടയിലെ റേഡിയോ തലച്ചോറിൽ മൂളിപ്പറന്നു...

'പ്രണയം മടുത്താൽ എന്തു ചെയ്യും ?

പ്രണയം മടുത്താൽ പരസ്പരം പറയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു'

## MAIL BOX

**ഒ**ക്ടോബർ ലക്കം കൂടുതൽ പ്രസക്തമായിരുന്നു. സമൂഹം എന്നും ചേർത്തുപിടിക്കേണ്ടതാണ് വൃദ്ധരെയെന്ന് ആ ലക്കം ഓർമ്മിപ്പിച്ചു. അഭിനന്ദനങ്ങൾ

**സജിത് കുമാർ,തൃശൂർ**

**വാ**ർദ്ധക്യമേ നീ എന്ത് എന്ന ലേഖനം വായിച്ചു ചിലവിയോജിപ്പുകൾ അറിയിക്കട്ടെ. കോവിഡ് മൂലം ഇംഗ്ലണ്ടിൽ വൃദ്ധജനങ്ങൾ കൂട്ടത്തോടെമരിച്ചുവെന്നും മറ്റുമുള്ള വിവരങ്ങൾ തെറ്റാണ്. വസ്തുതാപരമായി ഇങ്ങനെ പലതെറ്റുകളും ആലേഖനത്തിൽ കടന്നുകൂടിയിട്ടുണ്ട്. ലേഖനങ്ങൾ കൂടുതൽ ആധികാരികമായിരിക്കാൻ ശ്രദ്ധിക്കണം.

**ഡോ. ആൻഡ്രിയ എബ്രഹാം, മാഞ്ചെസ്റ്റർ**

**ഒ**പ്പത്തിന്റെ ചില പഴയ ലക്കങ്ങളിലൂടെ കടന്നുപോകാനിടയായി. നല്ല ലേഖനങ്ങൾ... വ്യത്യസ്തമായ ആശയങ്ങൾ. പല ലേഖനങ്ങളും വ്യക്തിപരമായി എനിക്കേറെ പ്രയോജനപ്പെട്ടു എന്ന് സന്തോഷത്തോടും നന്ദിയോടും കൂടി അറിയിക്കട്ടെ.

**അഭിലാഷ്, ചിറ്റൂർ**

"ആത്മവിശ്വാസത്തോളം വലിയ മരുന്ന് മറ്റൊന്നില്ല

# നന്ദി

ജീവിതത്തിലെ സന്തോഷങ്ങളും സമാധാനവും നിശ്ചയിക്കാൻ കഴിയുന്ന മാനദണ്ഡം എന്തായിരിക്കും? ഭൗതികമായ സമൃദ്ധിയോ പ്രശ്നങ്ങളില്ലാത്ത ജീവിതമോ ആണോ അത്? ആത്യന്തികമായി മനുഷ്യജീവിതത്തിലെ സന്തോഷങ്ങളും സമാധാനവും നിശ്ചയിക്കപ്പെടുന്നത് കേവലം പദാർത്ഥാധിഷ്ഠിതമായിട്ടാണ്. പക്ഷേ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അടിസ്ഥാനം അയാൾ എത്രത്തോളം നന്ദിയുള്ളവനായിരിക്കുന്നു എന്നതിലാണ്. ജീവിതത്തിൽ നന്ദിയുള്ള മനുഷ്യൻ സന്തോഷവും സമാധാനവും അനുഭവിക്കുന്ന ഒരു വ്യക്തി കൂടിയായിരിക്കും.

നന്ദികേടിന്റെ മുള്ളുകൊണ്ട് ചോര പൊടിയാത്ത ആരെങ്കിലുമുണ്ടാവുമോ? കൃതജ്ഞതയില്ലായ്മയാണ് ഈ ലോകത്തിലെ വലിയ പാപം. എല്ലാ തിന്മകളും അതുമായി കൂടി ബന്ധപ്പെട്ടാണിരിക്കുന്നത്.

നന്ദി ഒരു ഓർമ്മയാണ്. ജീവിതത്തിൽ ആരൊക്കെയോ തെളിച്ചുതന്ന വിളക്കിന്റെ ഓർമ്മ. ആരൊക്കെയോ കൈപിടിച്ച് കടത്തിക്കൊണ്ടുപോയതിന്റെ ഓർമ്മ. ഈ ഓർമ്മകൾ ഇല്ലാതാവുമ്പോഴാണ് മനുഷ്യൻ കൃതഘ്നരാകുന്നത്. ഇന്ന് ആരുടെയെങ്കിലുമൊക്കെ കണ്ണ് നിറയുന്നുവെങ്കിൽ, ആരുടെയെങ്കിലുമൊക്കെ നെഞ്ചകം നീറുന്നുണ്ടെങ്കിൽ അതിന് കാരണം ഈ ഓർമ്മകൾ നഷ്ടമായിരിക്കുന്നതാണ്.

തണുപ്പുകാലങ്ങളിൽ ധരിക്കുകയും വേനൽക്കാലങ്ങളിൽ അഴിച്ചുവയ്ക്കുകയും ചെയ്യുന്ന ഒരു കമ്പിളിയുടുപ്പൊന്നുമല്ല നന്ദി. ഓരോ ചുവടുവയ്പ്പിലും ഉണ്ടായിരിക്കേണ്ട പാദരക്ഷയായിരിക്കണം അത്. പലരുടെയും നന്ദി സാഹചര്യബന്ധിയാണ്. എപ്പോഴും ഏതുനേരവും ഒരുപക്ഷേ പിന്തിരിഞ്ഞുനോക്കുമ്പോൾ അത്രയധികം ആത്മസംതൃപ്തി തോന്നിയ നിമിഷങ്ങളോ അവസരങ്ങളോ ഉണ്ടായെന്ന് വരില്ല.

പക്ഷേ നന്ദിയോടെ ഓർമ്മിക്കാൻ കഴിയുന്ന എത്രയോ അവസരങ്ങളാണ് കടന്നുപോയിരിക്കുന്നത്. വേണ്ട വിധത്തിൽ നന്ദി പറയാൻ കഴിയാതെ പോയ അവസരങ്ങളായിരുന്നില്ലേ അവയെല്ലാം. ജീവിതത്തിലെ ഓരോ അനുഗ്രഹവും ഓരോ നന്ദിക്കുള്ള അവസരങ്ങളാണ്.

നന്ദി മനുഷ്യരോടു മാത്രമല്ല ദൈവത്തോടും പ്രകൃതിയോടുമാവാം. കേട്ടിട്ടില്ലേ സുഗതകുമാരിയുടെ വരികൾ... 'കൊണ്ട വെയിലിനോടും തണലിനോടു പോലും നന്ദി'യെന്ന്.

മനുഷ്യരോട് നന്ദി പറയാത്തവർക്ക് ദൈവത്തോട് നന്ദി പറയാനാവില്ല. മനുഷ്യരോടുള്ള നന്ദിയിൽ നിന്നാണ് ദൈവത്തോടുള്ള സ്നേഹവും നന്ദിയും രൂപപ്പെടുന്നത്. അവനവനിൽതന്നെ അഭിരമിക്കുന്നതുകൊണ്ടാണ് മറ്റുള്ളവരോട് നന്ദി പറയാൻ കഴിയാതെ പോകുന്നത്. ഒറ്റപ്പെട്ട വ്യക്തികളൊന്നുമല്ല ആരും. പരസ്പാരശ്രയത്വത്തോടെ ജീവിക്കുന്ന ദൈർഘ്യമേറിയ ഒരു കണ്ണിതന്നെയാണ് ജീവിതം. അതിനിടയിൽ എത്രയോ പേരോടാണ് നന്ദി പറയാനുള്ളത്.

ഒരിക്കലും മറന്നുപോകരുതാത്ത പദമായിരിക്കണം നന്ദി. എപ്പോഴും ഉള്ളിൽ നുരയേണ്ട കടലായിരിക്കണം നന്ദി. കഴിഞ്ഞുപോയ വർഷത്തിൽ നന്ദിയോടെ അനുസ്മരിക്കേണ്ട എത്രയോ അനുഭവങ്ങളുണ്ടായിട്ടുണ്ട്. അവയ്ക്കെല്ലാം മുമ്പിൽ ഒരു തിരികൊളുത്തുക. നന്ദി പ്രകാശിപ്പിക്കുക.. ജീവിതംമുഴുവൻ പ്രകാശപൂരിതമാകും. നന്ദി...



Prabhath
RESIDENTIAL PUBLIC SCHOOL
RISE UP TO KNOWLEDGE

# PRABHATH
## RESIDENTIAL PUBLIC SCHOOL

Pallimukal, Karimugal, Kochi, Kerala- 682303
Ph: 0484 2682880

Affiliated to CBSE
No 930414



Prabhath Residential Public School, is for boys and girls, situated at Karimugal nearly 25 km away from Cochin City and 5 Km away from Kochi Refinery. It is special place, where the student, parents, teaching and non teaching staff work together with a common mission and shared goals to prepare our children to be productive citizens of this era.

### FACULTIES

Our school consists of well trained and expanded set of teachers work together for fulfilling the deeds of CCE

### MANAGEMENT VISION

Goal of education is change or improve the standard of our society and overcoming the difficulties of negative transformation. The indications of changes are to be valued only if curriculum become more concentrated.

### FACILITIES

We possess wide breeze,Hygienic clean rooms which make students always Vitalitic and enthusiastic.

GABORONE UNIVERSITY
COLLEGE OF LAW AND
PROFESSIONAL STUDIES

## *Prabhath offers*

***a great opportunity to mould your future in the lap of Gaborone University College of Law & professional studies, Botswana***

LABORATORIES ● LIBRARY AND READING ROOM ● TRANSPORTATION ● COMPUTER EDUCATION ● DIGITAL CLASSROOMS ● REST/SICK ROOM ● FIRST AID AND FIRE SAFETY EQUIPMENTS ● SCHOLASTIC AND ECO FRIENDLY CLUBS ● RSL , S.D & GARDENING ● PARENT TEACHERS AWARENESS CLASSES

www.prabhathresidentialschool.com



Printed and Published by Shoby G.V, Phone: 9497318531, Printed at Don Bosco Igact, N.H. Bypass, Near EMC, Kochi-28 (Page 24)